I.ഇ.ബി. XIIകേരള നിയമസഭ/XI-9

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 2, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

**പി.എസ്.സി നിയമനങ്ങളിലുണ്ടായിട്ടുള്ള സ്തംഭനാവസ്ഥ**

മി. സ്പീക്കർ: ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്തതിനാലും പെൻഷൻ പ്രായം ഏകീകരിച്ചതിനാലും പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് നിയമനം ലഭിക്കാതെവരുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.കെ. ഷാജു, കെ.ബി. ഗണേഷ്കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഈ വർഷത്തെ എല്ലാ ഒഴിവുകളും കഴിഞ്ഞ വർഷം തന്നെ റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. 2010 -ലേയ്ക്കുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് സർക്കുലർ മുഖേന

കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. റിട്ടയർമെന്റ് ഏകീകരണ പരിഷ്ക്കാരമുണ്ടായിരുന്നില്ലെങ്കിൽ ഉണ്ടാകുമായിരുന്ന തസ്തികകളിലേയ്ക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് എൻട്രി കേഡറിൽ നിയമനം നടത്താനുള്ള സർക്കാർ ഉത്തരവ് ഇന്നോ നാളെയോ ഇറങ്ങും. സൂപ്പർന്യൂമററി പോസ്റ്റ് ഉണ്ടാക്കാൻ ക്യാബിനറ്റിൽ പോകേണ്ടതിന്റെയോ ഫിനാൻസിൽ നിന്ന് മുൻകൂർ അനുവാദം വാങ്ങേണ്ടതിന്റെയോ ആവശ്യമില്ല. ഒഴിവുണ്ടാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് സൂപ്പർ ന്യൂമററി പോസ്റ്റ് ക്രിയേറ്റ് ചെയ്യാം. ഇക്കാര്യത്തിൽ അടിയന്തിരസ്വഭാവമുള്ള സംഭവവികാസങ്ങളൊന്നുമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഒഴിവുകളുടെ എണ്ണം സംബന്ധിച്ച് ഗവൺമെന്റ് കണക്കും വിവരാവകാശനിയമപ്രകാരം ലഭിച്ച കണക്കും തമ്മിൽ വ്യത്യാസമുണ്ട്. റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളിൽ ആന്റിസിപ്പേറ്റഡ് വേക്കൻസികളിൽ നിയമന ശുപാർശ ചെയ്യില്ലെന്നും ഒഴിവുകൾ നിലവിൽ വരുന്ന തീയതികളിൽ മാത്രമേ നിയമന ശുപാർശ നടത്തുകയുള്ളുവെന്നുമാണ് പി.എസ്.സി പറയുന്നത്. റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിച്ചാലും റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ ഒഴിവുകളിലേയ്ക്കും അതാത് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമന ശുപാർശ നൽകിയശേഷം മാത്രമേ റാങ്ക് ലിസ്റ്റുകൾ റദ്ദാക്കുകയുള്ളുവെന്നും റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കേണ്ട സാഹചര്യമില്ലെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. ഒഴിവുകൾ പി.എസ്.സി-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം ധാരാളം കരാർ നിയമനങ്ങളും പിൻവാതിൽ നിയമനങ്ങളും നടക്കുകയാണ്. ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ആരോഗ്യവകുപ്പിൽ 958 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തി. തെറ്റായ കാര്യങ്ങൾ നിയമസഭയിൽ പറഞ്ഞ്

ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ സർക്കാർ ശ്രമിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന 15,000 തസ്തികകൾ നിറുത്തൽ ചെയ്തെങ്കിൽ ഈ സർക്കാർ മൂന്ന് വർഷംകൊണ്ട് വിവിധ വകുപ്പുകളിലായി ഏഴായിരത്തിൽപ്പരം തസ്തികകളാണ് പുതിയതായി സൃഷ്ടിച്ചത്. ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ നിന്ന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. എത്രയുംപെട്ടെന്ന് വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം 24,894 വേക്കൻസികൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സുപ്രീംകോടതിയിൽ കേസ്സുണ്ടായിരുന്നതിനാൽ നിയമനം നടത്താൻ കാലതാമസം വന്നിട്ടുണ്ട്. ആ പ്രശ്നങ്ങൾ അവസാനിക്കുകയും ഈ സാമ്പത്തിക വർഷം ഏപ്രിൽ-മേയ് മാസങ്ങളിലായി 9163 തസ്തികകളിലേയ്ക്കുള്ള അഡ്വൈസ് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് 20,000 പേർ സർവ്വീസിൽ തുടരുമ്പോൾ തന്നെ 20,000 തസ്തികകൾ സൃഷ്ടിക്കുകയാണ്. അതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ജി.കാർത്തികേയൻ, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ

പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ സ്ഥാപിക്കുന്ന പദ്ധതി

ശ്രീ. സി.എം. ദിനേശ്മണി: കേരളത്തിന്റെ 560 കി.മീ. ദൈർഘ്യമുള്ള കടൽത്തീരത്തിൽ 478 കി.മീറ്ററോളം കടൽത്തീരം കടലാക്രമണ ഭീഷണി നേരിടുകയാണ്. തീരദേശ സംരക്ഷണം സംബന്ധിച്ച് വേലുക്കുട്ടി അരയൻ ഉൾപ്പെടെയുള്ള വിദഗ്ദ്ധർ പഠനം നടത്തി കടലാക്രമണത്തെ പ്രതിരോധിക്കാനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ സമർപ്പിച്ചുവെങ്കിലും ഇപ്പോഴും കടൽഭിത്തി നിർമ്മാണമാണ് നടത്തിവരുന്നത്. തീരദേശ സംരക്ഷ ണത്തിന് 2 മൈൽ നീളമുള്ള പുലിമുട്ട് നിർമ്മിക്കണമെന്ന നിർദ്ദേശവും സി.ഡബ്ല്യൂ.ആർ.ഡി.എം. പോലുള്ള ഏജൻസികളുടെ നിർദ്ദേശങ്ങളും പരിഗണിക്കപ്പെട്ടിട്ടില്ല. കേരളത്തിന്റെ കാലാവസ്ഥ വ്യതിയാനവും വെള്ള ത്തിന്റെ ഒഴുക്കും ആഴവ്യത്യാസങ്ങളും പരിഗണിച്ച് തീരപ്രദേശത്തെ കടലാ ക്രമണത്തിന് പരിഹാരം കാണുന്നതിനുവേണ്ടി ശാസ്ത്രീയമായ കടലാക്രമണ പ്രതിരോധ തീര സംരക്ഷണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ആവശ്യമായ സ്ഥലങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. ചെല്ലാനം പ്രദേശത്ത് ഐ.ഐ.ടി നിർദ്ദേശ പ്രകാരമുള്ള ഗ്രോയിംഗ് ഫീൽഡ് സ്ഥാപിച്ച് കടലാക്രമണം തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : പുലിമുട്ട് നിർമ്മാണത്തെ അപേക്ഷിച്ച് കടൽഭിത്തി നിർമ്മാണത്തിന് ചെലവ് കുറവാണ്.

പുലിമുട്ട് നിർമ്മാണംമൂലം ഒരു വശത്ത് മണൽ അടിയുകയും മറുവശത്ത് മണ്ണൊലിപ്പുണ്ടാകുന്നതിനാലുമാണ് കടൽതീര സംരക്ഷണത്തിന് കടൽഭിത്തി നിർമ്മാണത്തിന് പ്രാധാന്യം നൽകിയിട്ടുള്ളത്. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് പല ഹാർബറുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബ്രേക്ക് വാട്ടർ നിർമ്മിച്ചിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ ഒരു ഭാഗത്ത് മണൽ അടിയുന്നതായും മറുഭാഗത്ത് കടലാക്രമണം അനുഭവപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് ചെന്നൈ ഐ.ഐ.ടി.യിലെ വിദഗ്ദ്ധർ സമർപ്പിച്ച പഠന റിപ്പോർട്ട് അനുസരിച്ച് കടലാക്രമണം രൂക്ഷമായ തിരുവനന്തപുരം ജില്ലയിലെ പനത്തുറക്കര, പൂന്തുറ, കൊല്ലം ജില്ലയിലെ ജയന്തി കോളനി, എറണാകുളം ജില്ലയിലെ നായരമ്പലം, കണ്ടേക്കാട്, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ, കല്ലായി നദീമുഖം എന്നിവിടങ്ങളിൽ പുലിമുട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചെന്നൈയിലെ ഐ.ഐ.ടി. വിദഗ്ദ്ധർ നടത്തിയ ന്യൂമെറിക്കൽ മോഡലിംഗ് രൂപകൽപ്പനയനുസരിച്ചാണ് പുലിമുട്ട് നിർമ്മാണം ഏറ്റെടുത്തിട്ടുള്ളതും പനത്തുറക്കരയിലെ പുലിമുട്ട് നിർമ്മാണം ആരംഭിച്ചിട്ടുള്ളതും. പുലിമുട്ട് നിർമ്മാണം കടലാക്രമണം പ്രതിരോധിക്കുന്നതിന് കൂടുതൽ കാലത്തേയ്ക്ക് സഹായിക്കുമെങ്കിലും വളരെയധികം നിർമ്മാണ ചെലവ് ഉള്ളതിനാൽ ജനവാസം, കടലാക്രമണംമൂലം നഷ്ടപ്പെട്ട സ്ഥലങ്ങളുടെ അളവുകൾ എന്നിവ പരിഗണിച്ച് കടലാക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ പുലിമുട്ട് നിർമ്മാണത്തിന് അനുമതി നൽകുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. സാങ്കേതികവും സാമ്പത്തികവുമായ സാധ്യതകളെ സംബന്ധിച്ച് നടത്തിയ പരിശോധനയിൽ ഫീസിബിലിറ്റി

കുറവായതുകൊണ്ടാണ് വേലുക്കുട്ടി അരയൻ നിർദ്ദേശിച്ച മാതൃകയിലുള്ള പ്രോജക്ടുമായി മുന്നോട്ടുപോകാൻ കഴിയാതെ വന്നത്. ഐ.ഐ.ടി. നിർദ്ദേശിച്ച പ്രകാരം ഗ്രോയിംഗ് ഫീൽഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ തീർച്ചയായും സ്വീകരിക്കുന്നതാണ്.

(2) കൊച്ചി നഗരത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. കെ. ബാബു : കൊച്ചി നഗരത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. കൊച്ചി മെട്രോ പദ്ധതി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും വാഹനപെരുപ്പവും ജനസംഖ്യാ വർദ്ധനവുംമൂലം കൊച്ചിയിലെ ജനങ്ങൾ ശ്വാസംമുട്ടുകയാണ്. കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിക്കാനോ പുതിയ പദ്ധതികൾ നിർമ്മിക്കാനോ നിലവിലുള്ള പദ്ധതികൾ വികസിപ്പിക്കാനോ മാറിമാറി വന്ന ഗവണ്മെന്റുകൾക്ക് കഴിഞ്ഞിട്ടില്ല. മണിക്കൂറുകളോളം ഗതാഗതകുരുക്കിൽപ്പെട്ട് ജനം വലയുന്ന അവസ്ഥയാണ് നിലവിലുള്ളത്. 600 എം.എൽ.ഡി. വെള്ളം വിശാല കൊച്ചിയിൽ ആവശ്യമുള്ളപ്പോൾ 220 എം.എൽ.ഡി. വെള്ളമാണ് വിതരണം ചെയ്യാൻ സാധിക്കുന്നത്. ബാക്കി വെള്ളത്തിനുള്ള മാർഗ്ഗം കണ്ടെത്തേണ്ടതുണ്ട്. 'ജൻറം' പദ്ധതിയിൽപ്പെടുത്തി 100 എം.എൽ.ഡി. വെള്ളം ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാലും ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ കഴിയാത്ത തിനാൽ പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിയുന്നില്ല. പൈപ്പ് ഇടുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ, റെയിൽവേ ക്രോസ്സിംഗ് തുടങ്ങിയ

പ്രശ്നങ്ങൾമൂലം വിശാല കൊച്ചിയിലെ പടിഞ്ഞാറെ മേഖലയിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾപോലും ആരംഭിച്ചിട്ടില്ല. 2011-ൽ പൂർത്തീകരിക്കേണ്ട 'ജൻറം' പദ്ധതിക്ക് 20 ശതമാനം ഫണ്ട് കൊച്ചി കോർപ്പേറേഷന് നൽകാൻ കഴിയുമോയെന്ന കാര്യം സംശയമാണ്. സ്വീവേജിന്റെ കാര്യത്തിലും 12 കിലോമീറ്റർ പൈപ്പ് ഇട്ടിട്ടുണ്ടെങ്കിലും ആയിരം വീടുകളിൽ മാത്രമാണ് കണക്ഷൻ എടുത്തിട്ടുള്ളത്. ഏഴ് പമ്പുകൾ കൂടി സ്ഥാപിക്കുന്നതിന് 'ജൻറം' പദ്ധതിയിൻകീഴിൽ സ്ഥലം ഏറ്റെടുക്കണം. ഈ പദ്ധതിയിൽ ഏറ്റവും മോശമായ പ്രകടനം കേരളത്തിന്റേതാണെന്നാണ് ഹൈപവർ കമ്മിറ്റി വിലയിരുത്തിയിട്ടുള്ളത്. ഗൗരവമേറിയ ഇത്തരം പ്രശ്നങ്ങൾക്കെല്ലാം അടിയന്തിരമായി പരിഹാരം കാണണം. ഇടപ്പള്ളി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം, ആർ.ഒ.ബി.കളുടെ നിർമ്മാണം തുടങ്ങിയവ പൂർത്തീകരിക്കണം. തമ്മനം-മുല്ലപ്പള്ളി റോഡ് സീപോർട്ട്-എയർപോർട്ട് റോഡുമായി ബന്ധിപ്പിക്കാനും പ്രസ്തുത റോഡിന്റെ രണ്ടാംഘട്ട പദ്ധതി പുനരാരംഭിക്കാനുമുള്ള നടപടി സ്വീകരിക്കണം. എൻ.എച്ച്. 49 -ൽ തൃപ്പൂണിത്തുറ ബൈപാസ്സിന്റെ അലൈൻമെന്റ് നിശ്ചയിക്കുകയും സ്ഥലം ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുകയും ചെയ്യണം. സംസ്ഥാന ഖജനാവിലേയ്ക്കുള്ള 50 ശതമാനത്തിൽ കൂടുതൽ വരുമാനം എറണാകുളം ജില്ലയിൽനിന്നാണെന്നുള്ളത് കണക്കിലെടുത്ത് തിരുവനന്തപുരത്ത് പ്രഖ്യാപിച്ചതുപോലെ കൊച്ചി നഗരത്തിന് വികസന പദ്ധതികൾ പ്രഖ്യാപിക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനും അടിയന്തിര നടപടി ഉണ്ടാകണം.

മുഖ്യമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കൊച്ചിയുടെ സമഗ്രമായ വികസനത്തിനുവേണ്ടി സംസ്ഥാന തലത്തിലും കേന്ദ്ര തലത്തിലും വിവിധങ്ങളായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കായി 'ജൻറം' സ്കീമിൽപ്പെടുത്തി 201.17 കോടി രൂപയുടെ പ്രോജക്ടാണ് നടപ്പിലാക്കുന്നത്. പദ്ധതി നടത്തിപ്പിന്റെ സൗകര്യാർത്ഥം 12 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. പ്രധാനഘടകമായ ആഴൂരിലെ ഇൻഡക്ട് വെൽ-കം-പമ്പ്ഹൗസിന്റെ ടെണ്ടർ തുക അധികമായതിനാൽ റീടെണ്ടർ ചെയ്യാൻ നടപടി സ്വീകരിച്ചിരിക്കുകയാണ്. ഹൈക്കോടതിൽ കേസ് വന്നതിനാൽ ജലശുദ്ധീകരണശാലയുടെ പ്രീ-ക്വാളിഫിക്കേഷൻ നടപടികളിൽ തടസ്സം നേരിട്ടിട്ടുണ്ട്. മറ്റ് പദ്ധതികൾക്ക് ടെന്റർ ക്ഷണിച്ചിട്ടുണ്ട്. ചെല്ലാനത്തും കുമ്പളത്തും സ്ഥാപിക്കുന്ന ജലസംഭരണികൾക്കുള്ള കെട്ടിടങ്ങൾ, റോഡുകൾ, പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കൊച്ചി നഗരത്തിലെ നിലവിലുള്ള സ്വീവേജ് സിസ്റ്റം തികച്ചും അപര്യാപ്തവും കാലപ്പഴക്കം ചെന്നതുമാണ്. അറ്റകുറ്റപ്പണികളുടെ അഭാവംമൂലം പമ്പിംഗിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ പുനരുദ്ധാരണ നടപടികൾ അടിയന്തിരമായി നടപ്പിലാക്കുന്നതാണ്. ഇതിനുപുറമേ 74.81 കോടി രൂപയുടെ അടങ്കൽ തുക യുള്ള പുതിയ സ്വീവേജ് സംവിധാനം ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി യിൽ വിഭാവനം ചെയ്തിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണികൾക്ക് റീ-ടെൻഡർ ചെയ്യാൻ തീരുമാനിച്ചു. ഈ പദ്ധതിക്ക് ആവശ്യമായ

സ്ഥലമെടുപ്പ് സംബന്ധിച്ച കേസ്സ് പരിഹരിച്ചാൽ മാത്രമേ പദ്ധതിയുമായി മുമ്പോട്ട് പോകാൻ കഴിയുകയുള്ളൂ. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഇടപ്പള്ളി ഫ്ളൈ ഓവർ നിർമ്മാണം കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പുനരാരംഭിക്കാൻ പി.ഡബ്ള്യൂ.ഡി. നടപടികൾ സ്വീകരിച്ചു. തമ്മനം-പുല്ലേപടി റോഡിന്റെ പണി കോർപ്പറേഷൻ ഏറ്റെടുക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. സീ-പോർട്ട്-എയർ പോർട്ട് റോഡിന്റെ രണ്ടാം ഭാഗം ആരംഭിക്കാനുള്ള നടപടികൾ നടന്നു വരുന്നു. ഇടപ്പള്ളി-പാലാരിവട്ടം, പാലാരിവട്ടം-വൈറ്റില-കുണ്ടന്നൂർ ഫ്ളൈ ഓവറുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യവഴി നടപ്പിലാക്കാനാണ് നിർദ്ദേശം. എൻ.എച്ച് 49-തൃപ്പൂണ്ണിത്തുറ ബൈപ്പാസ് നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് പുരോഗമിക്കുന്നു. കൊച്ചി നഗരത്തിലെ ഗതാഗത പ്രശ്ന ങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള മെട്രോ റെയിൽ പദ്ധതി സംബന്ധിച്ച് ഡെൽഹി മെട്രോറെയിൽ കോർപ്പറേഷൻ പഠനം നടത്തി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഡി.എം.ആർ.സി. മാതൃകയിൽ കേന്ദ്ര -സംസ്ഥാന സർക്കാരിന്റെ ഒരു സംയുക്ത സംരംഭമായി നടപ്പാക്കണ മെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിന് പ്ളാനിംഗ് കമ്മീഷന്റെ അനുമതി കിട്ടിയിട്ടുണ്ട്. പദ്ധതി എത്രയുംവേഗം നടപ്പിലാക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. ജെ.എൻ.എൻ.ആർ.യു.എം. പദ്ധതിയുടെ കീഴിൽ കൊച്ചിക്ക് 200 ഹൈടെക് ബസ്സുകൾ വാങ്ങാനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിന് 67.28 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചു. കൊച്ചി നഗരത്തിന്റെ സമഗ്ര വികസനത്തിന് മുന്തിയ പരിഗണന നൽകും. വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷനിലൂടെ ടൈം ഷെഡ്യൂൾ ചെയ്തുകൊണ്ട് പദ്ധതികൾ

മോണിറ്റർ ചെയ്യാനുള്ള സംവിധാനം എപ്രകാരമാകണമെന്നത് സംബന്ധിച്ച് സർക്കാർ ആലോചിച്ച് തീരുമാനിക്കുന്നതാണ്.

**സബ്മിഷൻ**

(1) പുതിയ ബസ് സർവ്വീസ്

ശ്രീ. സാജുപോൾ: ജനസാന്ദ്രതയുള്ള പെരുമ്പാവൂർ പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിന് അവിടത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് പത്ത് പുതിയ സർവ്വീസുകൾ ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി: (ശ്രീ. എസ്. ശർമ്മ): പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിലവിലുള്ള 47 ബസ്സുകളുപയോഗിച്ച് 42 ഷെഡ്യൂളുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. ഷെഡ്യൂളുകൾ റദ്ദാക്കേണ്ട സ്ഥിതി ഇപ്പോൾ ഇല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറ് പുതിയ ബസ്സുകൾ പെരുമ്പാവൂർ ഡിപ്പോയ്ക്ക് നൽകുകയും കോട്ടയം, തൃശ്ശൂർ, കോഴിക്കോട് റൂട്ടിൽ രണ്ട് ലിമിറ്റഡ് സ്റ്റോപ്പും ഫാസ്റ്റ് പാസഞ്ചർ ചെയിൻ സർവ്വീസും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ബസ്സുകളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് പെരുമ്പാവൂർ ഡിപ്പോയിൽ നിന്ന് പുതിയ സർവ്വീസുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കും.

(2) പെട്രോളിന്റേയും ഡീസലിന്റേയും വിലവർദ്ധനവ്

ശ്രീ. രാജു എബ്രഹാം: പെട്രോളിന്റെയും ഡീസലിന്റേയും വില വർദ്ധനവ് പിൻവലിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് ശക്തമായ

നടപടി കൈക്കൊള്ളേണ്ടതും നിയമസഭ തന്നെ ഐകകണ്ഠ്യേന ഒരു തീരുമാനം എടുക്കേണ്ടതുമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ : തോമസ് ഐസക്) : നിയമസഭ ഐകകണ്ഠ്യേന ഇക്കാര്യത്തിൽ സമീപനം സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റ് ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധിപ്പിച്ചതിനു പിന്നിൽ ഗൂഢാലോചനയുണ്ട്. അന്തർ ദേശീയ മാർക്കറ്റിൽ ഇന്ധന വില വർദ്ധിച്ചപ്പോഴാണ് കേന്ദ്ര ഗവൺമെന്റ് ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധിപ്പിച്ചത്. കോർപ്പറേറ്റുകൾക്ക് നികുതി ഇളവ് നൽകിക്കൊണ്ട് ജനങ്ങളുടെമേൽ നികുതി അടിച്ചേൽപ്പിക്കുന്ന കേന്ദ്ര സമീപനത്തോട് യോജിക്കാൻ നിർവ്വാഹമില്ല.

(3) ചെങ്ങന്നൂർ മഹാദേവർക്ഷേത്രത്തിന്റെ പുനരുദ്ധാരണം

ശ്രീ. പി. സി. വിഷ്ണുനാഥ് : ശബരിമലതീർത്ഥാടനത്തിന്റെ പ്രധാന ഇടത്താവളമായ ചെങ്ങന്നൂർ മഹാദേവർക്ഷേത്രം കഴിഞ്ഞ 25-ാം തീയതിയുണ്ടായ പ്രകൃതിക്ഷോഭത്തിൽ തകർന്നിരിക്കുകയാണ്. 1 കോടി രൂപ പ്രതിവർഷം ദേവസ്വം ബോർഡിന് വരുമാനം ഉണ്ടാക്കിക്കൊടുക്കുന്ന ഈ ക്ഷേത്രത്തിനെ ശബരിമല ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നവീകരിക്കാൻ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : 5 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾ ഉടൻ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കഴിഞ്ഞ 50 വർഷത്തിനിടയിൽ യാതൊരു നവീകരണ പ്രവർത്തനങ്ങളും ഈ ക്ഷേത്രത്തിൽ നടന്നിട്ടില്ല. ക്ഷേത്രത്തിന്റെ താന്ത്രിക കാര്യങ്ങളിൽ തടസ്സംവരാതെ നവീകരണം നടത്തും. പ്രസ്തുത ക്ഷേത്രം

അടക്കം ശബരിമലയുമായി ബന്ധപ്പെട്ട ഇടത്താവളങ്ങളെ മാസ്റ്റർ പ്ളാനിൽ ഉൾപ്പെടുത്തി നവീകരിക്കാൻ നടപടി സ്വീകരിക്കും..

(4) ഡ്രൈവിംഗ് ലൈസൻസും പെർമിറ്റും സമയബന്ധിതമായി പുതുക്കി നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. കെ. ദിവാകരൻ : ആർ.ടി. ഓഫീസുകളിൽ ഡ്രൈവിംഗ് ലൈസൻസ് പുതുക്കി നൽകുന്നതിലും വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് ആർ.സി. ബുക്ക് നൽകുന്നതിലും വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കു വേണ്ടി ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): മോട്ടോർ വാഹന വകുപ്പിൽ ഡ്രൈവിംഗ് ലൈസൻസും പെർമിറ്റുകളും പുതുക്കി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ഏഴ് ദിവസത്തിനകം ലൈസൻസും 5 ദിവസത്തിനകം പെർമിറ്റും പുതുക്കി നൽകണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ആർ.ടി. ഓഫീസുകളും സബ് ഓഫീസുകളും ഉൾപ്പെടെ സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് ട്രാൻസ്പോർട്ട് വകുപ്പുവഴി ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നുണ്ട്. ഈ രംഗത്ത് നിലനിൽക്കുന്ന ഇടനിലക്കാരെ പൂർണ്ണമായി ഒഴിവാക്കി കാലതാമസവും അഴിമതിയും അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ ലഭിക്കുന്ന അപേക്ഷകൾ നടപടികൾ പൂർത്തിയാക്കി അസൽ രേഖകൾ സ്പീഡ് പോസ്റ്റുവഴി അയച്ചുകൊടുക്കുന്നുണ്ട്. ജീവനക്കാരുടെ കുറവും വാഹനങ്ങളുടെ ബാഹുല്യവുമാണ് കാലതാമസത്തിന് ഇടവരുത്തുന്നത്. ഇത് പരിഹരിക്കുന്നതിന് കൂടുതൽ ആർ.ടി. ഓഫീസുകളും സബ് ഓഫീസുകളും ആരംഭിക്കുന്ന കാര്യം

ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. പ്രസ്തുത വകുപ്പിൽനിന്ന് ജനങ്ങൾക്ക് ലഭ്യമാകേണ്ട എല്ലാ സേവനങ്ങളും സമയബന്ധിതമായി നൽകുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(5) മിച്ചഭൂമി വിതരണം

ശ്രീ. ബി. രാഘവൻ: കോടതികളിലും ലാൻഡ് ട്രിബ്യൂണലുകളിലും കെട്ടിക്കിടക്കുന്ന കേസ്സുകൾ അടിയന്തിരമായി തീർപ്പാക്കി ഭൂമി ഏറ്റെടുത്ത് സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 63 താലൂക്ക് ലാൻഡ് ബോർഡുകളും ലാൻഡ് റിഫോംസ് റിവ്യൂ ബോർഡും പുന:സംഘടിപ്പിച്ചിട്ടുണ്ട്. ആഴ്ചയിൽ രണ്ടു തവണയെങ്കിലും ലാൻഡ് ബോർഡുകൾ സിറ്റിംഗ് നടത്തണമെന്നും കേസ്സുകൾ എത്രയുംവേഗം തീർപ്പാക്കണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ലാൻഡ് ബോർഡ് ചെയർമാന്മാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും സംസ്ഥാനതല വർക്ക്ഷോപ്പും ജില്ലാതല അവലോകനയോഗവും വിളിച്ചു ചേർത്തതിന്റെ ഫലമായി 1500-ഓളം ഏക്കർ മിച്ചഭൂമി നിക്ഷിപ്തമാക്കാനും അർഹരായവർക്ക് വിതരണം ചെയ്യാനും കഴിഞ്ഞിട്ടുണ്ട്. പല കാരണങ്ങളാലും ലാൻഡ് ബോർഡുകളിലും വിവിധ കോടതികളിലും കേസ്സുകളിൽപ്പെട്ട് കിടക്കുന്ന മിച്ചഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്. ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാനുള്ള 1395 കേസ്സുകൾ ഒരു വർഷത്തിനുള്ളിൽ തീർപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ കോടതികളിൽ നിലവിലുള്ള 328 കേസ്സുകൾ സമയബന്ധിതമായി നടത്തുന്നതിനും സർക്കാരിന് അനുകൂലമായി തീർപ്പുകൽപ്പിക്കുന്നതിനുമായി കളക്ടറേറ്റിൽ സ്യൂട്ട്

സെല്ലുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈക്കോടതിയിൽ നിലവിലുള്ള മിച്ചഭൂമി കേസ്സുകൾ തീർപ്പാക്കുന്നതിന് ഗവണ്മെന്റ് പ്ളീഡർമാരുടെ സേവനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത 12599.03 ഏക്കർ മിച്ചഭൂമിയിൽ 7735.79 ഏക്കർ സ്ഥലമാണ് ഇതുവരെ പൊതു ആവശ്യത്തിന് ഉപയുക്തമാക്കിയത്. അവശേഷിക്കുന്ന ഭൂമി ഭൂരഹിതർക്ക് പതിച്ചുകൊടുക്കാനും യോഗ്യമായവ ഡീ വെസ്റ്റ് ചെയ്ത് പതിച്ചുകൊടുക്കാനും ഉദ്ദേശിക്കുന്നു.

(6) ഗവണ്മെന്റ് ആശുപത്രി ജനറലാശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. മുരളി: ഒന്നര കോടി രൂപ മുതൽ മുടക്കി 2007 ഡിസംബർ 22-ന് പണി തീർത്ത 100 കിടക്കകളോടുകൂടിയ മാവേലിക്കര ഗവണ്മെന്റ് ആശുപത്രി പ്രവർത്തനക്ഷമമാക്കാനും അടിയന്തിരമായി കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് ജനറലാശുപത്രിയായി ഉയർത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മാവേലിക്കര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ 247 കിടക്കകളാണുള്ളത്. 100 കിടക്കകൾ കൂടി ഉപയോഗിക്കത്തക്ക വിധത്തിൽ ബെഡ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കാൻ തീരുമാനമായിട്ടില്ല. നിലവിലുള്ള ഡോക്ടർമാർക്ക് പുറമേ രണ്ടു ഡോക്ടർമാരും 15 നേഴ്സുമാരും കൂടുതലായി അവിടെ ജോലി ചെയ്യുന്നുണ്ട്. സ്റ്റാഫ് നേഴ്സിന്റെ തസ്തിക നികത്തിയിട്ടുണ്ട്. രണ്ട് ലാബ് ടെക്നീഷ്യന്മാരെ എച്ച്.എം.സി. അധികമായി നിയമിച്ചതിനാൽ മുഴുവൻ സമയവും ലാബിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അവിടെ ആറ്

തസ്തികകൾ കൂടി അധികമായി വേണ്ടി വരും. കുടുതൽ ഡോക്ടർമാരുടെ സേവനം ആവശ്യമാണെങ്കിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ ധനകാര്യവകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. ആശുപത്രിയെ അപ്ഗ്രേഡ് ചെയ്യുന്നത് നയപരമായ കാര്യമായതിനാൽ കൂട്ടായി ചർച്ച ചെയ്ത് മാത്രമേ ഒരു തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

(7) <u>അദ്ധ്യാപകൻ രക്ഷകർത്താവിനെ മർദ്ദിച്ച സംഭവം</u>

<u>ശ്രീ. എൻ. രാജൻ:</u> കിളിമാനൂർ നിയോജകമണ്ഡലത്തിൽ പകൽക്കുറി ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ അദ്ധ്യയനവർഷാരംഭത്തിൽ നടന്ന പി.ടി.എ. മീറ്റിംഗിനോടനുബന്ധിച്ച് രണ്ട് രക്ഷകർത്താക്കളെ മർദ്ദിക്കുകയും കുത്തി പരിക്കേൽപ്പിക്കുകയും ചെയ്ത പ്രസ്തുത സ്ക്കൂൾ അധ്യാപകനെതിരെ അന്വേഷണം നടത്തി മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) : പകൽക്കുറി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്റെ കുത്തേറ്റ് ഗുരുതരമായി പരിക്കേറ്റ ശ്രീ.മധുസൂദനൻപിള്ള തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയ തായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് പള്ളിക്കൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സംഭവത്തിന്റെ നിജസ്ഥിതി ആരായുന്നതിന് എസ്.പി.യെ ചുമതലപ്പെടുത്തുന്നതാണ്.

(8) <u>കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി വികസനം</u>

<u>പ്രൊഫ. എൻ. ജയരാജ്</u> : ഐ.സി. യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിച്ചും ട്രോമാകെയർ യൂണിറ്റ് ആരംഭിച്ചും സ്ഥിരമായി അനസ്തറ്റി

സ്റ്റിനെയും നേത്രരോഗ വിദഗ്ദ്ധനേയും നിയമിച്ചും  കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : 142 കിടക്കകളുള്ളതും ശരാശരി 674 പേർ ഒ.പി. വിഭാഗത്തിലും 27 പേർ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയെത്തുന്നതുമായ കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിൽ 12 വിദഗ്ദ്ധരായ സ്പെഷ്യാലിറ്റി ഡോക്ടർമാരുടേയും 122 പാര മെഡിക്കൽ സ്റ്റാഫുകളുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിച്ചുകൊണ്ടിരുന്ന ഐ.സി. യൂണിറ്റിന്റെ അപാകത പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യാലിറ്റി കെയറിന്റെ ഭാഗമായി പ്രസ്തുത ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ലഭിക്കുന്നതാണ്. ട്രോമാകെയർ യൂണിറ്റ് വളരെ ചെലവേറിയ സംവിധാനമായതിനാൽ  അത് ഏർപ്പെടുത്തുന്നതിന് ബുദ്ധിമുട്ടുണ്ട്.

(9) തിരുവനന്തപുരം ജില്ല ഫുട്ബോൾ അസോസിയേഷന് സ്ഥലം പതിച്ചു നൽകൽ

ശ്രീ. വി. ശിവൻകുട്ടി : വഞ്ചിയൂരിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ഡിസ്ട്രിക്ട് ഫുട്ബോൾ അസോസിയേഷൻ മന്ദിരം സ്ഥിതി ചെയ്യുന്ന 20 സെന്റ് സ്ഥലം പാട്ട കുടിശ്ശിക ഒഴിവാക്കി പതിച്ചുനൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): വഞ്ചിയൂരിൽ തിരുവനന്തപുരം ജില്ല ഫുട്ബോൾ അസോസിയേഷൻ സ്ഥിതിചെയ്യുന്ന 20 സെന്റ് സ്ഥലത്തിന് 36,40,654 രൂപ പാട്ടകുടിശ്ശിക അടയ്ക്കാനുണ്ട്. ഭൂമി പതിച്ചുനൽകുന്ന കാര്യം പരിഗണിക്കണമെങ്കിൽ പാട്ട കുടിശ്ശിക അടച്ചു തീർക്കണം. തിരുവനന്തപുരം ജില്ലാ ഫുട്ബോൾ അസോസിയേഷൻ

ഉൾപ്പെടെ പാട്ടകുടിശ്ശിക അടയ്ക്കാൻ കഴിയാത്ത സ്ഥാപനങ്ങളുടെ കുടിശ്ശിക എഴുതിത്തള്ളുന്ന കാര്യം മന്ത്രിസഭാ യോഗം പരിഗണിക്കേണ്ട തുണ്ട്. ഇതിനായി ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഗവൺമെന്റ് സെക്രട്ടറിമാരുടെ മീറ്റിംഗ് കൂടി പരിശോധിച്ച് ഒരു പുതിയ തീരുമാനമെടു ക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അക്കൂട്ടത്തിൽ ഇക്കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

(10) <u>നെന്മാറയിൽ ഐ.ടി.ഐ. സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽപ്പെട്ട നെന്മാറയിൽ ഒരു ഐ.ടി.ഐ. സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ):</u> സ്ഥലം, കെട്ടിടം, ഫർണിച്ചർ എന്നിവ സൗജന്യമായി ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും ഘട്ടംഘട്ടമായി പുതിയ ഐ.ടി.ഐ.-കൾ തുടങ്ങുന്നതാണ്. നെന്മാറയിൽ ഐ.ടി.ഐ. സ്ഥാപിക്കു ന്നതിനുള്ള അപേക്ഷ പരിഗണനയിലാണ്.

(11) <u>പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം</u>

<u>ശ്രീ. ബാബുപോൾ:</u> മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ വാളകം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>): 1973-ൽ പ്രവർത്തനമാരംഭിച്ച വാളകം പി.എച്ച്.സി.-ക്ക്

പുതിയ കെട്ടിടം പണിയുന്നതിന് 16-4-08-ൽ ചേർന്ന ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി പഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നെങ്കിലും നടപ്പിലായിട്ടില്ല. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ തുക പഞ്ചായത്തിന് ചെലവഴിക്കാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിക്കേണ്ടതുണ്ട്.

(12) <u>ധനകാര്യ സ്ഥാപനങ്ങളുടേയും ക്ഷേത്രങ്ങളുടേയും സുരക്ഷ സംവിധാനം ശക്തിപ്പെടുത്തൽ</u>

<u>ശ്രീ. കെ.വി. കുഞ്ഞിരാമൻ:</u> ധനകാര്യ സ്ഥാപനങ്ങളുടേയും ക്ഷേത്രങ്ങളുടേയും സുരക്ഷ സംവിധാനം ശക്തിപ്പെടുത്താനും വാച്ച്മാൻമാർക്ക് ഗൺ ഉപയോഗിക്കാനുള്ള അനുവാദം കൊടുക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> സംസ്ഥാനത്ത് സർക്കാർ ട്രഷറികൾക്കും ചില ബാങ്കുകൾക്കും, പ്രധാനപ്പെട്ട ക്ഷേത്രങ്ങൾക്കുമാണ് സ്ഥിരമായി പോലീസ് സംരക്ഷണം നൽകിവരുന്നത് രാത്രികാല പോലീസ് പട്രോളിംഗിന്റെ ഭാഗമായി പ്രത്യേക ശ്രദ്ധചെലുത്തി സ്ഥിരമായി സുരക്ഷാ സംവിധാനമില്ലാത്ത സ്ഥാപനങ്ങളെ നിരീക്ഷിച്ചുവരുന്നുണ്ട്. പോലീസ് സാന്നിദ്ധ്യം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ നിയോഗിക്കാറുമുണ്ട്. ധനകാര്യ സ്ഥാപനങ്ങളിലും ക്ഷേത്രങ്ങളിലും സുരക്ഷയ്ക്കായി അതാതു സ്ഥാപനങ്ങളുടെ ചെലവിൽ നൈറ്റ് വാച്ചർമാരെ നിയമിക്കുന്നതിനും ആന്റി തെഫ്റ്റ് അലാറം പോലുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനും അവശ്യഘട്ടങ്ങളിൽ പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ മേഖലയിലും മറ്റും പ്രവർത്തിക്കുന്ന പല ബാങ്കുകളും ആവശ്യമായ സുരക്ഷ ക്രമീകരണമി

ല്ലാതെ പണവും സ്വർണ്ണാഭരണങ്ങളും സ്ട്രോംഗ് റൂമുകളിൽ സൂക്ഷി ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ അതിർത്തി യിലും വരുന്ന ഇത്തരം സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷ ക്രമീകരണങ്ങൾ പരിശോധിക്കുന്നതിനും ഓരോ സ്ഥാപനത്തിലും ഏർപ്പെടു ത്തേണ്ടുന്ന സുരക്ഷ ക്രമീകരണങ്ങളെക്കുറിച്ച് വ്യക്തമായ പരിപാടി തയ്യാറാക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. പെരിയ ബാങ്ക് കവർച്ച സംബന്ധിച്ച അന്വേഷണത്തിന് ഒരു സ്പെഷ്യൽ ടീമിനെ ചുമതലപ്പെടു ത്തിയിട്ടുണ്ട്.

(13) <u>മൽസ്യത്തൊഴിലാളികൾക്കുള്ള വീടുകളുടെ വിതരണം</u>

<u>ശ്രീ. എ.എം. ആരിഫ്:</u> അരൂർ നിയോജകമണ്ഡലത്തിൽ പട്ടണക്കാട് ഗ്രാമ പഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ അർഹരായ മൽസ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>): സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 4544 വീടുകൾ പണിയുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടതായി കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത ലിസ്റ്റ് റദ്ദാക്കുകയും കളക്ടർ നിയോഗിച്ച പ്രത്യേക സംഘം തയ്യാറാക്കിയ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് ഡി.എൽ.എം.സി.യിൽ അവതരിപ്പി ച്ചെങ്കിലും അതിലും ക്രമക്കേടുകളുള്ളതായി ആക്ഷേപമുണ്ടായതിനെ ത്തുടർന്ന് ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക ടീമിനെ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിയോഗിച്ചിരിക്കുകയാണ്. ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വീടുകൾ വിതരണം ചെയ്യാനാണ്

നിർദ്ദേശം നൽകിയിട്ടുള്ളത്. ജില്ലാ കളക്ടർക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

(14) ഗവർണ്ണറെ അവഹേളിച്ച സംഭവം

ശ്രീ. കെ. ബാബു: ഗവർണ്ണർക്കെതിരെയുള്ള സമരത്തിൽ പങ്കെടുത്തു കൊണ്ട് ഡി.വൈ.എഫ്.ഐ. സംസ്ഥാന സെക്രട്ടറി ഗവർണ്ണർക്കെതിരെ ഉന്നയിച്ച ഭീഷണി രാജ്യദ്രോഹകുറ്റമായതിനാൽ നിയമാനുസൃതമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഡി.വൈ.എഫ്.ഐ. സംസ്ഥാന സെക്രട്ടറി ഇത്തരത്തിലൊരു പ്രസ്താവന നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്ഭവനിലും പുറത്തും ഗവർണ്ണർക്ക് മതിയായ സുരക്ഷ സംവിധാനങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ട്. ഗവർണ്ണർക്ക് പ്രത്യേകിച്ചും മറ്റുള്ളവർക്ക് പൊതുവിലുമുള്ള സഞ്ചാര സ്വാതന്ത്ര്യം തടയാൻ ഈ സർക്കാർ ആരെയും അനുവദിക്കുന്നതല്ല.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

കേരള അൺ ഓർഗനൈസ്ഡ് സെക്ടർ റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം എന്ന പേരിൽ പദ്ധതി ആരംഭിക്കുന്നതിനെ സംബന്ധിച്ച് തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. പി. കെ. ഗുരുദാസൻ ഒരു പ്രസ്താവന നടത്തി.

**റിപ്പോർട്ട് സമർപ്പണം.**

2008-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

## 2009–2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം (4261,43,10,000 രൂപ)

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ. ജി. കാർത്തികേയൻ, എൻ. ശക്തൻ, അടൂർ പ്രകാശ്, ടി.എൻ. പ്രതാപൻ, ആര്യാടൻ മുഹമ്മദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.മുരളി, ബി. ബാബു പ്രസാദ്, ജോർജ് മേഴ്സിയർ, വർക്കല കഹാർ, വി.ഡി. സതീശൻ, കെ. ബാബു, എം.എ. വാഹീദ്, കെ.സി. ജോസഫ്, തോമസ് ചാഴികാടൻ, സി.ടി. അഹമ്മദ് അലി, പി.കെ. അബ്ദുറബ്ബ്, എം.ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, തോമസ് ചാണ്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസമേഖലയെ തകർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. പാഠപുസ്തകങ്ങൾ യഥാസമയം കുട്ടികൾക്ക് ലഭിക്കുന്നില്ല. ഈ സർക്കാർ അധികാരമേറ്റെടുത്ത ഉടനെ സ്വാശ്രയ നിയമം പാസ്സാക്കി യെങ്കിലും 50:50 എന്ന അനുപാതം പാലിക്കപ്പെടുന്നില്ല. കേവലം ഏഴ് പേർക്ക് മാത്രമാണ് മെറിറ്റ് സീറ്റിൽ നിയമനം ലഭിച്ചത്. എസ്.സി/എസ്.ടി.ക്കാർക്കുള്ള 45,000 രൂപ ഫീസ് സ്വകാര്യ മാനേജുമെന്റുകൾക്ക് സർക്കാർ കൊടുക്കേണ്ട സ്ഥിതിയാണുള്ളത്. സുപ്രീംകോടതി നിയോഗിച്ച കെ.ടി. തോമസ് കമ്മീഷൻ 1,15,000 രൂപ മെറിറ്റിലും മാനേജുമെന്റിലും ഫീസ് തീരുമാനിച്ചപ്പോൾ അതിനെതിരെ സമരം ചെയ്ത ഇടതുപക്ഷ ജനാധിപത്യമുന്നണി ഇപ്പോൾ നാലും അഞ്ചും ലക്ഷം രൂപവച്ച് പിരിച്ച് വിദ്യാഭ്യാസ കച്ചവടം നടത്തുന്നതിന് സ്വാശ്രയ മാനേജുമെന്റുകൾക്ക് അവസരം നൽകുകയാണ്. കേരള യൂണിവേഴ്സിറ്റി അക്കാഡമിക് കൗൺസിലിന്റെ സ്പെഷ്യൽ മീറ്റിംഗ് റിപ്പോർട്ടിൽ പറയുന്നത് ടീച്ചർമാരുടെ വേക്കൻസികൾ പൂർണ്ണമായും നികത്തിയശേഷമേ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പാക്കാവൂ എന്നാണ്. എന്നാൽ സർവ്വകലാശാലയുടെ സ്വയംഭരണാവകാശത്തെ ഹനിക്കുന്ന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഇത് ഈ അദ്ധ്യയന വർഷംതന്നെ നടപ്പാക്കണമെന്ന് സർവ്വകലാശാലയോട് നിർദ്ദേശിച്ചിരി ക്കുകയാണ്. 15-05-09-ലാണ് ഇതു സംബന്ധിച്ച് സർവ്വകലാശാല ഡ്രാഫ്റ്റ് ഉണ്ടാക്കിയത്.പാഠപുസ്തകം, സിലബസ്, കരിക്കുലം, ഗ്രേഡിംഗ് എന്നിവ സംബന്ധിച്ച് വേണ്ടത്ര പരിശീലനം നൽകാതെ തിടുക്കത്തിൽ ഇത്തരം പരിഷ്കാരങ്ങൾ നടപ്പാക്കുന്നതുകൊണ്ട് അദ്ധ്യാപകർ ആശയക്കുഴപ്പത്തിലാ യിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ഏഴാം ക്ലാസ്സിലെ സാമൂഹ്യപാഠ

പുസ്തകത്തെ സംബന്ധിച്ച് വിവാദമുണ്ടായപ്പോൾ അതിനെപ്പറ്റി പഠിക്കുന്നതിനായി ശ്രീ. കെ.എൻ. പണിക്കരുടെ നേതൃത്വത്തിൽ നിയോഗിച്ച ഹൈ പവർ എക്സ്പേർട്ട് കമ്മിറ്റി ഓൺ ടെക്സ്റ്റ് ബുക്ക് റിവ്യൂ സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ പുസ്തകം വന്നുവെങ്കിലും അതിന്റെ നിലവാരത്തിൽ വ്യത്യാസം വന്നിട്ടില്ല. ഈ കാലഘട്ടത്തിൽ കേരള സർവ്വകലാശാലയിൽ നടന്നതുപോലെയുള്ള അഴിമതിയും കൊള്ളയും മറ്റൊരിടത്തും ഉണ്ടായിട്ടില്ല. അതുകൊണ്ട് സർവ്വകലാശാല സിൻഡിക്കേറ്റിനെ പിരിച്ചുവിടാനുള്ള ആർജ്ജവം കാണിക്കണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണം കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ അടിമുടി പുന:സൃഷ്ടിക്കപ്പെട്ടു. വികേന്ദ്രീകൃത നയമാണ് ഇന്ത്യയുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വേണ്ടത്. എന്നാൽ പ്രൊഫ. യശ്പാൽ സമർപ്പിച്ച റിപ്പോർട്ടിനെ ആധാരമാക്കി ഒരു കേന്ദ്രീകൃത നയം സ്വീകരിക്കുന്ന സമീപനമാണ് ഇപ്പോൾ കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇത് അപകടകരവും സ്വകാര്യവൽക്കരണത്തിന്റെ ലക്ഷണവുമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് രാജ്യത്തിന്റെ ചിന്തകളെയും സംസ്ക്കാരത്തെയും ഉൾക്കൊണ്ടുകൊണ്ടുള്ള വിദ്യാഭ്യാസ നയമാണ് സ്വീകരിക്കുന്നത്. സ്വാശ്രയ മേഖലയിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സൃഷ്ടിക്കപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികളുമായി ഈ സർക്കാർ മുന്നോട്ടുപോവുകയാണ്. ഓട്ടിസം ബാധിച്ച കുട്ടികളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയി

ലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി ഓട്ടിസം പാർക്ക് എന്ന ആശയം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത് ആശ്വാസകരമാണ്. 1 മുതൽ 12 വരെ യുള്ള ക്ലാസ്സിലെ പാഠ്യപദ്ധതി, അദ്ധ്യാപനരീതി, മൂല്യനിർണ്ണയം എന്നിവ പരിഷ്ക്കരിച്ചെങ്കിലും ചില പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കാണേ ണ്ടതുണ്ട്. പൊതുനിലവാരത്തിൽനിന്ന് പിന്നോക്കം നിൽക്കുന്ന സർക്കാർ സ്കൂളുകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് അവയുടെ നിലവാരം ഉയർത്തിയത് ശ്രദ്ധേയമാണ്. സമ്മർദ്ദശേഷിയും സ്വാധീനവും ഇല്ലാത്തതി നാൽ സമൂഹത്തിലെ പാവപ്പെട്ട കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം ഇല്ലാതാക്കുന്നതിനായി ഏകജാലക സംവിധാനം ഏർപ്പെ ടുത്തിയതിലൂടെ ഇഷ്ടമുള്ള കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള അവസരം കുട്ടികൾക്കുണ്ടായി. ചോയ്സ് ബേയ്സ്ഡ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാ ക്കുമ്പോൾ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ബഹുജന കാമ്പയിൻ കോളേജ്തലത്തിൽ നടത്താൻ നടപടി സ്വീകരിക്കണം. ഗവേഷണ മേഖലയിലും വളരെ സുപ്രധാനമായ മാറ്റം വരുത്തേണ്ടതുണ്ട്. സ്പോർട്ട്സ് മേഖലയിൽ പുത്തനുണർവ്വ് നൽകാൻ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും യുവ കർമ്മസേന രൂപീകരിച്ചത് സ്വാഗതാർഹമാണ്.

<u>ശ്രീ. പി. കെ. അബ്ദുറബ്ബ് </u>:ധനാഭ്യർത്ഥനയെ എതിർക്കുന്നു. വിദ്യാഭ്യാസ വകുപ്പ് ഒരു വിവാദ വകുപ്പായി മാറിയിരിക്കുകയാണ്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച് ഓരോ വർഷവും ചർച്ച നടക്കുന്നുണ്ടെങ്കിലും ഇതുവരെ അന്തിമ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. ഓരോ വർഷവും ഓരോ സ്ഥാപനത്തിന് വ്യത്യസ്ത ഫീസ് ഘടനയും നിബന്ധനകളും ഉണ്ടാക്കുകയും അതനുസരിച്ച് കരാർ ഒപ്പിടുകയും ചെയ്യുന്നുണ്ടെങ്കിലും

അവയെല്ലാം ലംഘിക്കപ്പെടുകയാണ്. പി.എ. മുഹമ്മദ് കമ്മിറ്റി നോക്കുകുത്തിയായി മാറിയിരിക്കുന്നു. സംസ്ഥാനം സ്വീകരിക്കുന്ന നയം അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ കച്ചവട ലോബികൾക്ക് സഹായക മാവുകയാണ്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തണം. അലിഗഡ് സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് മലപ്പുറം ജില്ലയിലെ പാണക്കാട് സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയെങ്കിലും സർക്കാരിന്റെ പിടിവാശിയും സങ്കുചിത രാഷ്ട്രീയ താൽപ്പര്യവും വിലങ്ങുതടിയായി നിൽക്കുകയാണ്. പെരിന്തൽമണ്ണയിൽ ഫാസ്റ്റ് ട്രാക്ക് രീതിയിൽ സ്ഥലം ഏറ്റെടുക്കൽ യൂണിറ്റിന് സർവ്വേ നടത്താൻ ആവശ്യമായ സ്റ്റാഫിനെ നൽകാതെ ഈ സ്ഥാപനം നഷ്ടപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇരട്ടപ്പട്ടയമുള്ള കേസുകളിൽപ്പെട്ട ഭൂമി ഏറ്റെടുക്കൽ പ്രക്രിയ നീണ്ടുപോകാൻ ഇടയുള്ളതിനാൽ പാണക്കാടുള്ള ഭൂമിതന്നെ അനുവദിക്കാൻ നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പോസ്റ്റ് മെട്രിക് വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പ് തുക വിതരണം ചെയ്തിട്ടില്ലെന്നുമാത്രമല്ല ഒരു കുട്ടിക്ക് 1,000 രൂപ മാത്രം മതിയെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിനെ അറിയിച്ചിരിക്കുന്നത്. മുസ്ലീം-ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന പണം വെട്ടികുറയ്ക്കുന്ന നടപടി അത്യന്തം അപലപനീയമാണ്. യാതൊരു മുന്നൊരുക്കമോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്താതെ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കാനുള്ള തീരുമാനം ഗുണകരമല്ല. മലബാർ മേഖലയിൽ കൂടുതൽ റെഗുലർ കോളേജുകളും കോഴ്സുകളും അനുവദിക്കണം. ഓപ്പൺ യൂണിവേഴ്സിറ്റി തുടങ്ങാൻ നടപടി സ്വീകരിക്കണം. അംഗീകാരമില്ലാത്ത

സ്കൂളുകളുടെ പേരിൽ വഞ്ചനാ കുറ്റത്തിന് കേസെടുത്ത നടപടി അനവസരത്തിലുള്ളതാണ്. ഈ അധ്യയന വർഷം ആരംഭിച്ച് മൂന്ന് മാസമായെങ്കിലും ഇതുവരെ അധ്യാപകരുടെ പൊതുസ്ഥലംമാറ്റം നടത്തിയിട്ടില്ല. പാഠപുസ്തക വിതരണവും പാതി വഴിയിലാണ്. കെ.എസ്.ആർ., കെ.ഇ.ആർ. അനുസരിച്ച് നിയമിച്ചിട്ടുള്ള മുഴുവൻ അധ്യാപകർക്കും അംഗീകാരവും ശമ്പളവും നൽകണം. നിയമനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എടുത്തുകളയാനും ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകൾ നികത്താനും നൂറിലധികം വരുന്ന ശാസ്ത്ര അധ്യാപകരുടെ ഒഴിവുകൾ നികത്താനും നടപടി സ്വീകരിക്കണം. ദിവസക്കൂലി നിയമനം അവസാനിപ്പിക്കണം. ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൾമാരുടെ ഒഴിവുകൾ നികത്തണം. ഡോ. കെ.എൻ. പണിക്കർ നിർദ്ദേശിച്ച പാഠപുസ്തക കമ്മിറ്റിയെ നിയമിക്കാനും പാഠപുസ്കങ്ങളും കൈ പുസ്തകങ്ങളും വർഷാരംഭത്തിൽത്തന്നെ കൊടുക്കാനും കേന്ദ്ര-സംസ്ഥാന സ്കോളർഷിപ്പുകളും ഗ്രാന്റുകളും യഥാസമയം ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. രാജാജി മാത്യു തോമസ് : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ലോകോത്തര തൊഴിൽ വിപണിക്ക് ആവശ്യമായ മനുഷ്യവിഭവ ശേഷി വികസിപ്പിച്ചെടുക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. വിദേശ്യരാജ്യങ്ങളിൽപോയി ജോലിയെടുക്കുന്ന പതിനായിരകണക്കി നാളുകളാണ് രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥ നിലനിറുത്തുന്നത്. പൊതുവിദ്യാഭ്യാസ മേഖലയിലും സ്വകാര്യ വിദ്യാഭ്യാസ മേഖലയിലും കടുത്ത മൽസരമാണ് നിലനിൽക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള സമീപനമാണ് പൊതുവിദ്യാഭ്യാസ രംഗത്തെ മുന്നേറ്റത്തിന് വഴിയൊരുക്കിയത്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആദിവാസികളും ദളിതരും മറ്റ് പിന്നോക്ക വിഭാഗ ങ്ങളും പഠിക്കുന്ന സ്കൂളുകൾ മികച്ച വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി മാറ്റാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 3139 ക്ളാസ് മുറികൾ സ്ഥാപിക്കാൻ കഴിഞ്ഞു. കംപ്യൂട്ടറുകളും മറ്റ് ബോധന ഉപകരണങ്ങളായ എഡ്യൂസാറ്റ് റിസീവറുകൾ, ഡിജിറ്റൽ പ്രൊജക്ഷൻ സംവിധാനം എന്നിവ സ്കൂളുകൾക്ക് അനുവദിച്ചു. 2010-ൽ നടക്കുന്ന നാഷണൽ ഗെയിംസിനായി തൃശ്ശൂരിൽ പണിതുകൊണ്ടി രിക്കുന്ന അക്വാട്ടിക് കോംപ്ളക്സിന്റെ പണി എത്രയും വേഗം പൂർത്തി യാക്കി അവിടെ പരിശീലനവും മൽസര ഇനങ്ങളും നടത്താനുള്ള നടപടി കൾ സ്വീകരിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച തൃശ്ശൂരിലെ കണ്ണാറയിൽ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് എന്നിവ യാഥാർത്ഥ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. തൃശ്ശൂരിലെ മൃഗശാല പുത്തൂ രിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനും അതിന്റെ ആധുനികവൽക്കരണത്തി നായി ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കേണ്ടതുമാണ്.

<u>ശ്രീ.കെ.എം. മാണി</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ വിദ്യാഭ്യാസ വകുപ്പ് അനഭിലഷണീയമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. വിദ്യാഭ്യാസ രംഗത്ത് പ്രായോഗികമായി സ്വീകരിക്കേണ്ട നടപടികൾ കൈക്കൊണ്ടിട്ടില്ല. സ്വാശ്രയ വിദ്യാഭ്യാസ മേഖല യിൽ സർക്കാർ തെറ്റായ നയങ്ങൾ കൈക്കൊള്ളുന്നു. വേണ്ടത്ര മുന്നൊ രുക്കം നടത്താതെ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം 2009 അക്കാഡമിക്

ഇയർ മുതൽ നടപ്പിലാക്കാൻ എടുത്ത തീരുമാനം ഈ മേഖലയിലെ പ്രശ്ന ങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കും. ആവശ്യമായ അദ്ധ്യാപക നിയമനങ്ങളോ അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളോ ആരംഭിക്കാതെ ഇത്തരമൊരു സിസ്റ്റം നടപ്പിലാക്കുന്നത് അപ്രായോഗികമാണ്. അദ്ധ്യാപകരെ നിയമിക്കുന്ന തിന്റെ സെലക്ഷൻ പ്രോസസ് പൂർത്തീകരിക്കുന്നതിന് കുറഞ്ഞത് ആറു മാസത്തെ സമയം വേണ്ടിവരും. ഗസ്റ്റ്ലക്ചേഴ്സിനെ വച്ച് പുതിയ പാഠ്യപദ്ധതിയുമായി മുന്നോട്ടുപോകാനാവില്ല. സിലബസ് സംബന്ധിച്ച ട്രെയിനിംഗ് അദ്ധ്യാപകർക്ക് നൽകിയിട്ടില്ല. ഇതൊന്നും ചെയ്യാതെ ജൂൺ 1-ാം തീയതി മുതൽ സെമസ്റ്റർ സിസ്റ്റം നടപ്പാക്കിയിരിക്കുന്നത് അപ്രായോഗി കമാണ്. സ്വാശ്രയ രംഗത്തുണ്ടായ അവസ്ഥ ഇവിടെയും സംഭവിക്കാൻ പോവുകയാണ്. 2008-09-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സ്കോളർഷിപ് പദ്ധതിക്കുള്ള ഓർഡിനൻസ് ഗവർണ്ണർ തിരിച്ചയച്ചപ്പോൾ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നടപ്പാക്കിയത് നിയമവിരുദ്ധമാണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് നിയമസഭ നൽകാത്ത അധികാരം ഗവൺമെന്റ് കൊടുത്തത് തെറ്റാണ്. ഇതിനുള്ള ഫണ്ട് യൂണിവേഴ്സിറ്റിയെ ഏൽപ്പിക്കുന്നതിനു പകരം ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് കൊടുത്തു. നിയമത്തിന്റെ പിൻബലമി ല്ലാതെ ചെയ്ത ഈ നടപടി ഉടൻ പിൻവലിക്കണം.

<u>ശ്രീ. കെ. പി. മോഹനൻ</u> : സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിലെ ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിച്ചിട്ടുണ്ടെങ്കിലും ഈ രംഗം വിവാദമായി മാറുന്നു. ഏകജാലക സംവിധാനത്തിലൂടെ പ്ലസ് വൺ പ്രവേശനം സുതാര്യമാക്കിയതുപോലെ അംഗവൈകല്യം സംഭവിച്ചവർക്കും കായിക രംഗത്തുള്ളവർക്കും അവസരം ഉണ്ടാക്കണം. പ്ലസ് വൺ ക്ലാസ്സുകൾ യഥാസമയം ആരംഭിക്കാനും ഡിഗ്രി പ്രവേശനം

ജൂൺ മാസം തുടങ്ങാനും സാധിച്ചിട്ടില്ല. എടുക്കുന്ന തീരുമാനങ്ങൾ പലതും യഥാസമയം നടപ്പാക്കാൻ സാധിച്ചിട്ടില്ല. പ്ളസ് വൺ പരീക്ഷയുടെ ഇംപ്രൂവ്മെന്റ് ഫീസും മാർക്ക് ലിസ്റ്റിന്റെ ഫീസും വർദ്ധിപ്പിച്ചത് പാവപ്പെട്ട വിദ്യാർത്ഥികളെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതുന്ന വിഷയത്തിന് കൂടുതൽ മാർക്കുള്ളത് പരിഗണിക്കാൻ നടപടി സ്വീകരിക്കണം. സ്കൂളുകളിലെ പാഠപുസ്തക വിതരണം ഇനിയും പൂർണ്ണമായിട്ടില്ല. സ്വാശ്രയ പ്രവേശനം സംബന്ധിച്ച് ഓരോ വർഷവും മുൻകൂട്ടി തീരുമാനങ്ങളെടുക്കണം. ദീർഘകാലമായി താൽക്കാലിക അദ്ധ്യാപകരായി തുടരുന്നവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കണം. പ്ളസ് ടു അദ്ധ്യാപകരുടെ ഒഴിവ് നികത്തണം. ആയോധന കലയായ കളരിപ്പയറ്റ് പാഠ്യവിഷയത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഫുട്ബാൾ താരമായ സത്യന്റെ ജന്മനാട്ടിൽ സത്യൻ സ്മാരക സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഗവൺമെന്റ് സാമ്പത്തിക സഹായം നൽകണം. വടകര കളരി അക്കാഡമി സംബന്ധിച്ച് യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. അന്തരിച്ച കമലാ സുരയ്യയ്ക്ക് സമാരകം പണിയാനുള്ള നടപടി സ്വാഗതാർഹമാണ്. മലയാള ഭാഷയ്ക്ക് ക്ളാസ്സിക്കൽ പദവി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. തുല്യതയുടെയും സാമൂഹ്യനീതിയുടെയും അടിസ്ഥാനത്തിൽ എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നയം നടപ്പാക്കുന്നതിനുവേണ്ടി കഴിഞ്ഞ മൂന്നു വർഷമായി വിദ്യാഭ്യാസമേഖലയിൽ ഫലപ്രദമായി ഇടപെടാൻ സംസ്ഥാന ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. അധ്യയന ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചും

അദ്ധ്യയന സമയം വർദ്ധിപ്പിച്ചും അദ്ധ്യാപകർക്ക് പരിശീലനം നൽകിയും പഠനനിലവാരം മെച്ചപ്പെടുത്താനുള്ള ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാനും അദ്ധ്യാപക-രക്ഷകർതൃ സമിതികളുടെ പ്രവർത്തനം ശാസ്ത്രീയമാക്കാനും നടപടികൾ സ്വീകരിച്ചു. യു. ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് തകർത്ത് തരിപ്പണമാക്കിയ പൊതുവിദ്യാഭ്യാസരംഗത്തെ രക്ഷപ്പെടുത്താനുള്ള നടപടി കളാണ് ഇടതുമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സമഗ്രമായ സ്വാശ്രയ വിദ്യാഭ്യാസ നിയമം പാസ്സാക്കിയതിലൂടെ അഡ്മിഷൻ മാനദണ്ഡം, ഫീസ് ഘടന, മെറിറ്റ്, സംവരണ തത്വം എന്നീ കാര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കാൻ കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേന്ദ്ര നിക്ഷേപം വർദ്ധിച്ചു. ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി അനുവദിച്ച ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തണം. മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മീൻജ, വോർക്കാടി പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. റ്റി.യു. കുരുവിള</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് 2000-ലെ സ്പോർട്ട്സ് ആക്ട് നടപ്പിലാക്കിയത്. പഞ്ചായത്ത് തലത്തിൽ സ്പോർട്ട്സ് കൗൺസിലുകൾ പ്രവർത്തിക്കുന്ന ആദ്യ സംസ്ഥാനം കേരളമാണ്. 2010-ലെ 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽവച്ച് നടക്കുന്നുവെന്നുള്ളത് അഭിമാനകരമാണ്. സ്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസം പഠന വിഷയ മാക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. സ്പോർട്ട്സ് ക്വാട്ട നിയമനം പുനരാരംഭിച്ച് 100 പേർക്ക് നിയമനം നൽകാൻ കഴിഞ്ഞു. സംസ്ഥാന സ്കൂൾ

കായികമേളയിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ വിജയികളാകുന്നവർക്ക് നൽകുന്ന പ്രൈസ് മണിയും സ്പോർട്ട്സ് ഗ്രാന്റും വർദ്ധിപ്പിക്കണം. സംസ്ഥാന കായികമേള നടത്തുന്ന ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. ഹയർ സെക്കണ്ടറി തലത്തിൽ സ്പോർട്ട്സിന് ഗ്രെയ്സ് മാർക്ക് കൊടുക്കണം. ദേശീയ സ്കൂൾ കായികമേളയിലെ വെള്ളി മെഡൽ ജേതാവിനും കൂട്ടർക്കും കേരള ഹൗസിൽ അനുഭവപ്പെട്ട അവഗണനയ്ക്കെതിരെ നടപടി സ്വീകരിക്കണം. വിദ്യാർത്ഥികളെ ഒളിംബിക്സിൽ പങ്കെടുക്കാൻ പ്രാപ്തരാക്കി വിടുന്ന സ്കൂളുകൾക്ക് വേണ്ട സഹായവും പ്രോൽസാഹനവും നൽകേണ്ടതാണ്. കോതമംഗലത്ത് ഒരു സ്റ്റേഡിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരള ഹൗസിലെത്തിയ കായിക താരങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഗൗരവമായി കാണുകയും ചുമതലയുള്ള റസിഡന്റ്സ് കമ്മീഷണറോട് സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് തരാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ലോക സ്കൂൾ അത്‌ലറ്റിക്സ് മീറ്റിൽ കേരളത്തിന്റെ യശ്ശസുയർത്തിയ മെഡൽ ജേതാക്കളായ കായികതാരങ്ങൾ 30-ാം തീയതി രാവിലെ 4.00 മണിയോടെ ഹെൽസിങ്കിയിൽ നിന്ന് ഡൽഹിയിൽ തിരിച്ചെത്തുമ്പോൾ അവർക്ക് ഉചിതമായ സ്വീകരണം നൽകണമെന്ന് കേരളാ ഹൗസ് റസിഡന്റ്സ് കമ്മീഷണറെ മുൻകൂട്ടി രേഖാമൂലം അറിയിച്ചിരുന്നതാണ്.

എന്നിട്ടും കേരളീയർക്കാകെ ദു:ഖം വരുത്തിവച്ച സംഭവമുണ്ടായ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവരുടെ പേരിൽ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. തോമസ് ചാണ്ടി</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സ്വാശ്രയ ബിൽ നടപ്പാക്കിയതുമുതൽ സംസ്ഥാനത്ത് നടത്തിയ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളുടെ ഒരു റിയാക്ഷനാണ് എൽ.ഡി.എഫ്. മുന്നണിക്ക് പാർലമെന്റ് തെരഞ്ഞെടുപ്പിൽ നേരിടേണ്ടിവന്നത്. ക്രിസ്ത്യൻ മിഷനറിമാരുൾപ്പെടെ പല മതവിഭാഗങ്ങളും കൈകോർത്ത് ഒരു വിദ്യാഭ്യാസ വിപ്ലവം സൃഷ്ടിച്ചതിന്റെ ഫലമായിട്ടാണ് കേരളം വിദ്യാഭ്യാസരംഗത്ത് ഒന്നാമതെത്തിയിരിക്കുന്നത്. അവരെയെല്ലാം സ്വാശ്രയം എന്നുപറഞ്ഞുകൊണ്ട് വിമർശിക്കുന്നത് ആശാസ്യമല്ല. എൽ.ഡിഎഫ്. ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ പ്രായോഗിക പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താൻ ശ്രദ്ധിക്കണം. പലിശ രഹിത വിദ്യാഭ്യാസ വായ്പ നൽകുന്നതിനും സംസ്ഥാനത്തെ കുട്ടികൾക്ക് ഇവിടെത്തന്നെ പഠിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗത്തെ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും മറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സർക്കാർ സ്കൂളുകൾ ആകർഷകമാക്കിയിട്ടുണ്ട്. എം.എൽ.എ. ഫണ്ടും മറ്റും ഉപയോഗിച്ച് ഫർണിച്ചറുകൾ ലഭ്യമാക്കുകയും പുതിയ ക്ലാസ് മുറികളും ടോയ്ലെറ്റുകളും നിർമ്മിക്കുകയും ചുറ്റുമതിൽ കെട്ടുകയും ചെയ്തു. പ്രൈമറി സ്കൂളുകൾ ബോധനോദ്യാനമായി പ്രവർത്തിപ്പിക്കു

ന്നതിനുള്ള സർക്കാരിന്റെ കാഴ്ചപ്പാട് കുട്ടികളുടെ പഠനം രസകരവും അനായാസകരവുമാക്കുന്നതാണ്. അക്കാഡമിക് നിലവാരം ഉയർത്തുന്നതിന് വേണ്ട ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കാനുതകുന്ന ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തുമ്പോൾ കേന്ദ്ര സർക്കാർ അതിനെതിരായ സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിനെ വിമർശിക്കുന്ന പ്രതിപക്ഷം കേന്ദ്ര സർക്കാരിന്റെ സമീപനത്തെ വിമർശിക്കാതിരിക്കുന്നത് രാഷ്ട്രീയ താൽപര്യം കൊണ്ടുമാത്രമാണ്. സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും സെന്റർ ഓഫ് എക്സലൻസ് സ്റ്റാറ്റസിൽ ഓരോ മോഡൽ സ്കൂൾ സ്ഥാപിക്കാനുള്ള ശ്രമം നടത്തണം. ഹയർ സെക്കൻഡറി സ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതിയും ഇടപെടലും നിയമനിർമ്മാണവുമൊക്കെ നടത്തി മുന്നോട്ട് പോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. സ്വാശ്രയ മേഖലയിലെ സഹകരണ കോളേജുകളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ചിട്ടയായ പ്രവർത്തനത്തിലൂടെ റിക്കാർഡ് സമയത്തിനുള്ളിൽ എസ്.എസ്. എൽ.സി ഉൾപ്പെടെയുള്ള പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടമാണ്. ദുർബല വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് സ്ക്കോളർഷിപ്പ് ഏർപ്പെടുത്തുകയും സ്ക്കൂൾ തുറക്കുന്നതിന് മുമ്പുതന്നെ പാഠപുസ്തകങ്ങൾ എത്തിക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ രംഗത്ത് നിരവധി പുതിയ പരിഷ്ക്കാരങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ഹയർ

സെക്കന്ററി, വി.എച്ച്.എസ്.ഇ തലത്തിലെ കുട്ടികൾക്ക് പ്രതിവർഷം 500 രൂപ വീതം സ്കോളർഷിപ്പ് ഏർപ്പെടുത്തി. ആദ്യമായി ഒരേ സമയം അഞ്ച് ലക്ഷം കുട്ടികൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഐ.ടി പ്രായോഗിക പരീക്ഷ എഴുതിയത് 2008-ലെ എസ്.എസ്.എൽ.സി പരീക്ഷയിലാണ്.മുഴുവൻ ഹൈസ്ക്കൂളുകളിലും ബ്രോഡ് ബ്രാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. യു.പി.തലം വരെ ഏർപ്പെടുത്തിയിരുന്ന ഉച്ചഭക്ഷണ വിതരണം എട്ട്, ഒൻപത് ക്ലാസ്സുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ കഴിഞ്ഞു. പ്രഭാത ഭക്ഷണം പോലും നൽകാനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. പൈതൃകങ്ങളായ കൊട്ടാരങ്ങളും ക്ഷേത്രങ്ങളും സൗധങ്ങളും സംരക്ഷിക്കാനുള്ള നടപടിയെടുക്കണം. സാംസ്ക്കാരിക വകുപ്പിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. ഓസ്കാർ അവാർഡ് ജേതാവായ റസൂൽ പൂക്കുട്ടിക്ക് 25 ലക്ഷം രൂപയുടെ പാരിതോഷികം പ്രഖ്യാപിക്കണം. 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ നടത്താൻ പോകുന്ന സാഹചര്യത്തിൽ ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിന്റെ പുനർനിർമ്മാണം നടത്തണം. കേരള പോലീസിൽ കായികതാരങ്ങളെ റിക്രൂട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പോർട്ട്സ് ടീമുകൾ രൂപീകരിക്കണം.

ശ്രീ. കെ. ടി. ജലീൽ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് കൊണ്ടുവന്ന സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ നിയമം പരാജയപ്പെട്ടത് സങ്കുചിത രാഷ്ട്രീയ-മത താല്പര്യങ്ങളുടെ ഫലമായാണ്. ക്രിസ്റ്റ്യൻ മിഷണറിമാർ, മുസ്ലീം അസോസിയേഷൻ, എൻ.എസ്.എസ്.,

എസ്.എൻ.ഡി.പി മാനേജുമെന്റുകളൊക്കെ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നത് ലാഭത്തിനുവേണ്ടിയല്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന 50 ശതമാനം കുട്ടികൾക്ക് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ഫീസാനുകൂല്യം നൽകണമെന്ന് പറയുന്നത് ന്യായമായ ആവശ്യമാണ്. കേരളത്തിൽ മാറിമാറി വന്ന സർക്കാരുകൾ ഇവർക്കൊക്കെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അനുവാദം നൽകിയപ്പോൾ നീതിബോധത്തെക്കുറിച്ച് ആലോചിച്ചില്ല. പോസ്റ്റ് ഗ്രാഡ്വേഷൻ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് തിരുത്തിക്കൊണ്ട് ഡിഗ്രി തലത്തിലും നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വി. ശശികുമാർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ സർക്കാർ നടപ്പാക്കിയ പരിഷ്കാരങ്ങൾ വിദ്യാഭ്യാസ മേഖലയിൽ കുറെ നല്ല പരിവർത്തനമുണ്ടാക്കിയിട്ടുണ്ടെങ്കിലും ചെറിയ പോരായ്മകളും സംഭവിച്ചിട്ടുണ്ട്. നൂറു ദിവസത്തെ കർമ്മ പരിപാടിയുടെ ഭാഗമായി കേന്ദ്രസർക്കാർ ഒമ്പത്, പത്ത് ക്ലാസ്സുകളിലെ പൊതുപരീക്ഷ ഒഴിവാക്കാനും വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിക്കുന്നതിനും വിദേശ പ്രത്യക്ഷ നിക്ഷേപം വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കൊണ്ടുവരാനും തീരുമാനിച്ചിരിക്കുന്നു. അതിനോടൊന്നും എതിർപ്പ് പ്രകടിപ്പിക്കാത്ത പ്രതിപക്ഷം കേന്ദ്രസർക്കാരിന്റേതന്നെ യശ്പാൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം ഇവിടെ നടപ്പിലാക്കാൻ പോകുന്നത് വലിയ വിവാദമാക്കി മാറ്റുകയാണ്. കേരളത്തിൽ പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്താൻ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട്

സാധിച്ചു. പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്ത് ഭരണസമിതി കളെ ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തി. എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകിക്കൊണ്ടിരുന്ന സ്കോളർഷിപ്പ് വർദ്ധിപ്പിക്കുകയും ഇംഗ്ലീഷും കണക്കും പഠിപ്പിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് വലിയ തോതിലുള്ള കേന്ദ്ര നിക്ഷേപം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞതിന്റെ ഫലമായി സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അലിഗഢ് സർവ്വകലാശാലയുടെ ഒരു ക്യാമ്പസ് പെരുന്തൽമണ്ണയിലെ ചേലാമലയിൽ ആരംഭിക്കാൻ പോകുകയാണ്. റവന്യൂ വകുപ്പ് അതിനുവേണ്ടിയുള്ള സ്ഥലത്തിന്റെ പ്രാഥമിക സർവ്വേ റിപ്പോർട്ട് സമർപ്പിക്കുകയും റവന്യൂ വകുപ്പുമന്ത്രി ലാന്റ് അക്വിസിഷനു വേണ്ടിയുള്ള ഓഫീസിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് തഹസീൽദാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ അവിടെ നിയമിച്ച് ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കണം. അടിയന്തിരമായി ഉന്നതതല യോഗം ചേർന്ന് അലിഗഢ് സർവകലാശാല സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. പൊതു വിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്താനും ഗുണനിലവാരം മെച്ചപ്പെടുത്താനും കഴിഞ്ഞു. സംസ്ഥാനത്ത് പണിയെടു ക്കുന്ന അന്യസംസ്ഥാനങ്ങളിലുള്ളവരുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസമെങ്കിലും ലഭ്യമാക്കാനുള്ള സംവിധാനത്തെ സംബന്ധിച്ച് സർക്കാർ ആലോചിക്കണം. ഉന്നത വിദ്യാഭ്യാസം പാവപ്പെട്ടവർക്കും ലഭ്യമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകണം. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി സർക്കാർ ഫീസിൽ

പഠിക്കാൻ അർഹത നേടുന്ന വിദ്യാർത്ഥികൾക്ക് പ്രവേശനം ഉറപ്പുവരുത്തുകയോ സർക്കാർ കോളേജുകളിലും സഹകരണ സ്ഥാപനങ്ങളിലും സീറ്റ് വർദ്ധിപ്പിക്കുകയോ ചെയ്യണം. പ്ലസ് വൺ പരീക്ഷയുടെ നിലവിലുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് പുന:പരിശോധന നടത്തണം. ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ആശങ്കകൾ ദൂരീകരിക്കാൻ കഴിയണം. എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്ത്, ഗ്രേസ് മാർക്ക് ചേർക്കൽ തുടങ്ങിയവ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി പരീക്ഷാഭവനിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ അടിയന്തിരമായി ഇടപെടണം. വിവാദങ്ങളുടെ വേലിയേറ്റമുണ്ടാക്കി വിദ്യാഭ്യാസ മേഖലയിലെ ജനാധിപത്യവൽക്കരണ പ്രക്രിയയെ തടസ്സപ്പെടുത്താൻ പ്രതിപക്ഷം നടത്തുന്ന നീക്കങ്ങൾക്കുമുമ്പിൽ സർക്കാർ പതറാതെ മുന്നോട്ടു പോകണം.

ശ്രീ. കെ. രാജു: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പുനലൂർ മണ്ഡലത്തിലെ കിഴക്കൻ പ്രദേശത്ത് തമിഴ് സംസാരിക്കുന്ന തമിഴ് വംശജരായ നാലായിരത്തിലധികം കുടുംബങ്ങളുണ്ട്. ഇവിടെ ഒരു തമിഴ് മീഡിയം ഹൈസ്ക്കൂൾ മാത്രമേയുള്ളൂ. ഇവിടെ പഠിക്കുന്ന കുട്ടികൾക്ക് എസ്.എസ്.എൽ.സി. പാസ്സായി കഴിഞ്ഞാൽ തമിഴ് മീഡിയത്തിൽ തുടർന്ന് പഠിക്കാൻ സൗകര്യമില്ല. ഇവിടെയുള്ള കുട്ടികൾക്ക് ഒന്നുകിൽ തിരുവനന്തപുരത്തുള്ള തമിഴ് മീഡിയം സ്കൂളിലോ അല്ലെങ്കിൽ തമിഴ്നാട്ടിലോ പോകണം. 1 മുതൽ 10 വരെക്ലാസ്സുകളുള്ള ഹൈസ്കൂളുകളിൽ ഹയർ സെക്കന്ററി അനുവദിക്കണം. ഹൈസ്ക്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഈ സർക്കാർ ഹൈസ്ക്കൂൾ അനുവദിച്ചു. ഹയർ സെക്കന്ററി ഇല്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി അനുവദിക്കണം.

കൂവക്കാട് ഹൈസ്ക്കൂളിലും കരവാളൂർ പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിൽ ഒന്നിലെങ്കിലും ഹയർ സെക്കന്ററി അനുവദിക്കണം. അതാത് പഞ്ചായത്തിലുള്ള കുട്ടികൾക്ക് അതാത് പഞ്ചായത്തിലുള്ള സ്കൂളുകളിൽ പഠിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. പൊതു വിദ്യാഭ്യാസ മേഖലയിൽ വളരെ മെച്ചപ്പെട്ട നിലയിലുള്ള പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ട് വമ്പിച്ച മുന്നേറ്റമാണ് മൂന്ന് വർഷംകൊണ്ട് ഈ ഗവൺമെന്റ് ഉണ്ടാക്കിയത്. ലൈബ്രറി കൗൺസിലുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വർദ്ധിപ്പിക്കണം. വിദ്യാഭ്യാസത്തിനുവേണ്ടി അനുവദിക്കുന്ന തുകയുടെ ഒരു ശതമാനത്തിൽ കുറയാത്ത തുക വകയിരുത്തുന്നതിന് ലൈബ്രറി കൗൺസിൽ നിയമത്തിൽ ഭേദഗതി കൊണ്ടുവരണം. ലൈബ്രറികൾക്കുവേണ്ടി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന സെസ്സ് കൗൺസിലുകൾക്കുതന്നെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പുനലൂർ-തൂക്കുപാലത്തിന്റെ നിർമ്മാണത്തിനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നിലനിൽക്കുന്ന സാഹചര്യത്തിൽ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് അനുമതി നൽകാൻ നടപടി സ്വീകരിക്കണം. സംഗീത സംവിധായകനായ രവീന്ദ്രൻ മാഷിന് അനുയോജ്യമായ സ്മാരകം പണിയാനുള്ള തുക അനുവദിക്കണം. പൊതുവിദ്യഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങളുടെ ഫലമായി ഇപ്രാവശ്യത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉയർന്ന വിജയശതമാനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നൂറുക്ക് നൂറ് പദ്ധതി, പഠന ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ നടപടികളിലൂടെ ഏറ്റവും പിൻനിരയിൽ നിന്നിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉന്നത വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലിലൂടേയും പി.ടി.എ.കളുടേയും അധ്യാപക സമൂഹത്തിന്റേയും പരിശ്രമത്തിലൂടെയും എസ്.എസ്.എൽ.സി.ക്ക് വമ്പിച്ച വിജയമുണ്ടായപ്പോൾ അതിനെ പരിഹസിക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ശരിയല്ല. ഏകജാലക സംവിധാനം നടപ്പിലാക്കിയതുവഴി അഴിമതിരഹിതവും സുതാര്യവുമായി പ്ലസ് വൺ ക്ലാസുകളിലേയ്ക്കുള്ള പ്രവേശനം നടത്താൻ കഴിഞ്ഞിട്ടുണ്ട്. കെ.ഇ.ആർ.-ൽ കാലാനുസൃതമായ മാറ്റം വരുത്തണം. ജനന തീയതിയിൽ തിരുത്തൽ വരുത്തുന്നതിനായുള്ള അപേക്ഷകളിന്മേൽ ഒരു മാസത്തിനുള്ളിൽ തീരുമാനമെടുക്കാനുള്ള ക്രമീകരണങ്ങൾ പരീക്ഷാഭവ നിൽ എർപ്പെടുത്തണം. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകുന്ന ഒരു നിയമം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരാൻ സന്നദ്ധമായില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ്തന്നെ പുതിയ ഒരു നിയമം കൊണ്ടുവരാൻ തയ്യാറാകണം. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ 50 ശതമാനം സീറ്റിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസിൽ പ്രവേശനം നൽക ണമെന്ന വ്യവസ്ഥയിൽ നിന്ന് വ്യതിചലിക്കരുത് വളരെ സമഗ്രമായ പരിപാടികളാണ് വിദ്യാഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. വിശ്വൻ :</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വളരെ പ്രാധാന്യത്തോടുകൂടിയാണ് കേരളീയ സമൂഹം വിദ്യാഭ്യാസ നയങ്ങളെ കാണുന്നത്. കേരളത്തിലെ ഓരോ വ്യകതിയുടേയും ബൗദ്ധിക വളർച്ചയെ രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള ഉജ്ജ്വലമായ പ്രവർത്തനമാണ് വിദ്യാഭ്യാസ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. വിവിധ മതങ്ങളിലും

ആചാരങ്ങളിലും വിശ്വസിക്കുന്നവരുടെ മനസ്സുകളിൽ ദേശീയ ചിന്ത വളർത്താനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. ഇടതുപക്ഷ സർക്കാരുകളുടെ കാലത്താണ് വിദ്യാഭ്യാസത്തിൽ ജനകീയവൽക്കരണവും സാർവ്വ ത്രികവൽക്കരണവും നടപ്പിലാക്കിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗം സ്വകാര്യ വ്യക്തികൾ തകർക്കാൻ ശ്രമിക്കുന്നതിനെതിരെയും വിദ്യാഭ്യാസം വിൽപ്പനച്ചരക്കാക്കാൻ മതങ്ങളേയും ആരാധനാലയങ്ങളേയും കൂട്ടുപിടിക്കുന്ന അവസ്ഥയേയും ചെറുത്ത് തോൽപിക്കാൻ നടപടികൾ സ്വീകരിച്ചു. പൊതു വിദ്യാഭ്യാസത്തിന് തടസ്സമാകുന്ന അനധികൃത വിദ്യാലയ ങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചു. അഞ്ച് വയസ്സ് തികഞ്ഞ എല്ലാ കുട്ടികളേയും സ്കൂളുകളിൽ എത്തിക്കുന്നതിനും അദ്ധ്യയന ദിവസവും അദ്ധ്യയന സമയവും വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളേക്കാൾ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാൻ ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു കഴിയുന്നു. ആവശ്യമായ അദ്ധ്യാപക നിയമനങ്ങൾ നടത്തി ഉന്നത വിദ്യാഭ്യാസരംഗം കാര്യക്ഷമമാക്കി. പ്രൈമറിതലത്തിലെ സിലബസ്സ് വിപുലപ്പെടുത്തി. സ്പോർട്ട്സ് രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്</u> : ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരള ത്തിന്റെ ചരിത്രത്തിൽ വിദ്യാഭ്യാസ മേഖലയെ ഇത്രയേറെ തകർച്ചയിലേ യ്ക്കെത്തിച്ച സന്ദർഭമുണ്ടായിട്ടില്ല. ഈ ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ പുറപ്പെടുവിച്ച പല ഓർഡറുകളും തിരുത്തേണ്ടി വന്നിട്ടുണ്ട്. അംഗീകാരമില്ലാത്ത സ്കൂളുകളിൽ കുട്ടികളെ പ്രവേശിപ്പിച്ചാൽ വഞ്ചനാകുറ്റ ത്തിന് കേസ് എടുക്കുമെന്നുപറഞ്ഞ് ഇറക്കിയ ഉത്തരവ് മാനേജുമെന്റുക ളുടെ ഇടപെടലിനെത്തുടർന്ന് റദ്ദാക്കേണ്ടി വന്നു. കോഴിക്കോട് യൂണിവേ

ഴ്സിറ്റി നാല് കോളേജുകളുടെ അഫിലിയേഷൻ റദ്ദാക്കിയതിന്റെ കാരണം വ്യക്തമാക്കണം. പ്രതിപക്ഷം നിർദ്ദേശിച്ച ഭേദഗതികൾ അംഗീകരിക്കാതെ പാസ്സാക്കിയ സ്വാശ്രയ നിയമം ഇപ്പോൾ അനാഥമായിരിക്കുകയാണ്. സ്വകാര്യ മാനേജുമെന്റുകളുടെ വിദ്യാഭ്യാസ കച്ചവട താൽപര്യത്തിന് സംസ്ഥാന ഗവൺമെന്റ് അടിയറവ് പറഞ്ഞിരിക്കുകയാണ്. സ്വാശ്രയ കോളേജുകളിൽ അഞ്ചുതരം ഫീസാണ് നിലനിൽക്കുന്നത്. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മാറ്റം വരുത്തിയത് എ.കെ. ആന്റണി ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. സ്വാശ്രയ മേഖലയിലെ കുഴപ്പങ്ങൾ പരിഹരിക്കുന്നതിനുപകരം ആ മേഖലയെ തകർക്കാൻ ശ്രമിക്കുന്നത് ശരിയല്ല. വേണ്ടത്ര തയ്യാറെടുപ്പോടെ സമൂഹത്തിന് സ്വീകാര്യമായ രീതിയിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പരിഷ്ക്കാരങ്ങൾ കൊണ്ടു വരണം. അടിസ്ഥാനരഹിതമായ മാറ്റങ്ങൾ വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കുന്നത് ശരിയല്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് മാർക്സിസ്റ്റ് വൽക്കരണമാണ് നടക്കുന്നത്. കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് നിലവാരവുമായി ബന്ധപ്പെട്ട് സെമസ്റ്റർ പരിക്ഷ സമ്പ്രദായം പോലുള്ള പരിഷ്ക്കാരങ്ങൾ നടപ്പാക്കുമ്പോൾ കൂട്ടായ സമീപനം ഉണ്ടായിരിക്കണം. വിദ്യാഭ്യാസരംഗത്ത് വേണ്ട മുന്നൊരുക്കങ്ങൾ നടത്തിയിട്ടായിരിക്കണം ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കേണ്ടത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന് മൂന്നുവർഷം പിന്നിട്ടിട്ടും വിദ്യാഭ്യാസരംഗത്ത് യാതൊരു പരിഷ്ക്കാരവും നടപ്പാക്കാൻ സാധിച്ചിട്ടില്ല. വിദ്യാഭ്യാസമേഖലയുടെ ഗുണപരമായ താൽപ്പര്യങ്ങൾ കണക്കിലെടുത്ത് പുനർചിന്തിക്കാനും സ്വാശ്രയമേഖലയിൽ വ്യക്തമായ നിയമങ്ങൾ കൊണ്ടുവരാനും തയ്യാറാകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സ്പോർട്ട്സ് വകുപ്പിന്റെ കീഴിൽ സ്പോർട്ട്സ് ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ, സംസ്ഥാന യുവജനക്ഷേമ ബോർഡ്, രാജീവ്ഗാന്ധി ഏവിയേഷൻ അക്കാഡമി എന്നീ സ്ഥാപനങ്ങളാണുള്ളത്. രാജീവ്ഗാന്ധി ഏവിയേഷൻ അക്കാഡമി പുനരുദ്ധരിക്കാനും പുതിയ കോഴ്സുകൾ ആരംഭിക്കാനും 27 പേർക്ക് പരിശീലനം നൽകാനും കഴിഞ്ഞിട്ടുണ്ട്. ഈ അക്കാഡമിയുടെ കീഴിൽ തിരുവനന്തപുരത്തും കൊച്ചിയിലും രണ്ട് എയർക്രാഫ്റ്റ് എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. വിമാനങ്ങളുമായി ബന്ധപ്പെട്ട എല്ലാ തൊഴിൽ പരിശീലനങ്ങളും ഈ അക്കാഡമിയുടെ കീഴിൽ കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്. യുവജനശാക്തീകരണത്തിനും യുജനക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 2007-ലും 2008-ലും കേരള യൂത്ത് ഫോറം സംഘടിപ്പിച്ചു. 2010-ൽ അന്താരാഷ്ട്ര യുവജനോൽസവ മാതൃകയിൽ കേരള യൂത്ത്ഫോറം സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. യുവജനക്ഷേമബോർഡിന്റെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിച്ച് പഞ്ചായത്തുകളുടെ കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കേരളത്തിലെ 7 ജില്ലകളിൽ യുവശക്തി പദ്ധതി നടപ്പിലാക്കി. കൂടാതെ യുവജനക്ഷേമബോർഡിന് ഒരു സ്റ്റാറ്റ്യൂട്ടറി പദവി നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നതിന്റെ ഭാഗമായി സ്പോർട്ട്സ് ആക്ടിന്റെ മാതൃകയിൽ ഒരു നിയമനിർമ്മാണം നടത്താനും സർക്കാർ ഉദ്ദേശിക്കുന്നു. യൂത്ത് കാർഷിക ക്ളബ്ബുകൾ, യുവകർമ്മ സേന, രക്തദാനസേന എന്നീ പദ്ധതികൾ യുവശക്തിയുടെ കീഴിൽ നടപ്പിലാക്കുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും യുവജനങ്ങളെ

പങ്കാളികളാക്കുന്നതാണ്. ആദിവാസി യുവജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കാനുള്ള ഒരു ട്രെയിനിംഗ് സെന്റർ വയനാട് സ്ഥാപിക്കുന്നതാണ്. 2009 ആഗസ്റ്റിൽ വയനാട് വച്ച് കബഡി ഫെസ്റ്റ് സംഘടിപ്പിക്കുന്നതാണ്. 1.67 കോടി രൂപ ചെലവിൽ വേളിയിൽ പ്രവർത്തിക്കുന്ന യൂത്ത് ഹോസ്റ്റൽ ഒരു ഇന്റർനാഷണൽ യൂത്ത് സെന്ററായി മാറ്റുന്നതാണ്. 2.1 കോടി രൂപ ചെലവിൽ ദേവികുളത്ത് ഒരു അഡ്വഞ്ചർ അക്കാഡമി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഏലങ്കുളത്ത് ഇ.എം.എസ്. സ്മാരക ട്രസ്റ്റുമായി ചേർന്ന് 2009-ൽ ഇ.എം.എസ്. ചെയർ ഫോർ യൂത്ത് സംഘടിപ്പിക്കുന്നതാണ്. അടിസ്ഥാനപരവും ആസൂത്രിതവുമായ കായികവികസനത്തിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിലും ഒളിമ്പിക്സിലും മെഡൽ നേടുന്നതിനുമുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സ്പോർട്ട്സ് ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ആദ്യമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും തെരഞ്ഞെടുക്കപ്പെട്ട സ്പോർട്ട്സ് കൗൺസിലുകൾ നിലവിൽ വരികയാണ്. പ്രൈസ് മണി കുടിശ്ശിക കൊടുത്തുതീർക്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ സ്ഥാപക ഡയറക്ടർ ജനറലായിരുന്ന ശ്രീ.എ.കെ. പാണ്ഡ്യ ചെയർമാനായി സംസ്ഥാന സർക്കാർ നിയോഗിച്ച സ്പോർട്ട്സ് കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതാണ്. സ്കൂൾ പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസംകൂടി ഉൾപ്പെടുത്തുന്ന നടപടി ഈ വർഷം ആരംഭിക്കുന്നതാണ്. സമ്പൂർണ്ണ കായികക്ഷമത ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതിയുടെ പ്രവർത്തനങ്ങൾ മൂന്നു വർഷത്തിനുള്ളിൽ പൂർത്തിയാകുന്നതാണ്. 'വിഷൻ ഇൻഡ്യാ

പ്രോജക്ടിന്റെ ഭാഗമായി 'ഫിഫ'-യുടേയും ഏഷ്യൻ ഫുട്ബോൾ അസോസിയേഷന്റേയും സഹായത്തോടുകൂടി കേരളത്തിലെ 2000 കുട്ടികളെ സ്പോൺസർ ചെയ്ത് ഒരു വർഷത്തെ പരിശീലനം നൽകുകയുണ്ടായി. കേന്ദ്ര സഹായ പദ്ധതിയായ പഞ്ചായത്ത് യുവ ക്രീഡാകേൽ അഭിയാൻ (പൈക്ക) കേരളത്തിലെ 100 പഞ്ചായത്തുകളിൽ നടപ്പിലാക്കി. 2010-ലെ നാഷണൽ ഗെയിംസ് കേരളത്തിൽവച്ച് നടക്കാൻപോകുന്നുവെന്നുള്ളത് അംഗീകാരമായി കാണേണ്ടതാണ്. ഏഷ്യൻ ഗെയിംസ്പോലും നടത്താൻ കഴിയുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത്. തൃശ്ശൂർ ജില്ലയെ ഒരു പ്രത്യേക സ്പോർട്ട്സ് കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഏഴു ജില്ലകളിലായി നടന്നുവരുന്ന 500 കോടി രൂപയുടെ സ്റ്റേഡിയം പണി ഉൾപ്പെടെയുള്ള വികസന പദ്ധതികൾക്ക് ബഡ്ജറ്റിൽ 90 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഏഴര കോടി രൂപ മുതൽമുടക്കുള്ള മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാകുന്നതാണ്. മഹാരാജാസ് ഗ്രൗണ്ടിൽ ഒരു സിന്തറ്റിക് ട്രാക്ക് സ്ഥാപിക്കുകയും യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. മലപ്പുറത്ത് ജനകീയ പങ്കാളിത്തത്തോടുകൂടി ഫുട്ബോൾ അക്കാഡമി ഈ വർഷം ആരംഭിക്കുന്നതാണ്.കേരളത്തിന്റെ അഭിമാനമായി മാറിയ ബിനീഷിന് മൂന്നു ലക്ഷം രൂപയുടെ അടിയന്തിര സഹായം നൽകുന്നതിനും വിദേശകോച്ചുകളെ നിയമിച്ചുകൊണ്ട് വിദഗ്ദ്ധ കായിക പരീശീലനം നൽകുന്നതിനും വിദ്യാഭ്യാസ കാര്യങ്ങൾ ഏറ്റെടുക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ബിനീഷിനെ പരിശീലിപ്പിച്ച സെന്റ് ജോർജ്ജ്

സ്കൂളിലെ അധ്യാപകൻ ശ്രീ.രാജുപോളിന് പ്രത്യേക പ്രോത്സാഹനം നൽകാനും കോതമംഗലം കേന്ദ്രീകരിച്ച് ആധുനിക രീതിയിൽ ജനപങ്കാളിത്തത്തോടുകൂടി ഒരു സ്പോർട്ട്സ് കോംപ്ളക്സ് സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്ട്സ് ക്വാട്ടയിൽ 100 പേർക്ക് നിയമനം നൽകുകയും സ്പോർട്ട്സ് ക്വാട്ട 50 ആക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് വകുപ്പിൽ 100 പേർക്ക് ഈ വർഷം സ്പോർട്ട്സ് ക്വാട്ട നിയമനം നൽകുന്നതാണ്. കായിക പ്രതിഭകൾ ഒരിക്കലും സംസ്ഥാനം വിട്ടുപോകാതിരിക്കാനുള്ള നടപടികൾ ആവിഷ്ക്കരിച്ചുവരികയാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സ്കൂളുകളെ പുനരുദ്ധരിക്കുന്നതിനായി ആവിഷ്ക്കരിച്ച '104 സ്കൂൾ പദ്ധതി' ഒരു സാമൂഹ്യ വൈജ്ഞാനിക പ്രസ്ഥാനമാക്കി മാറ്റി മറ്റ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള സംവിധാനവും ആരംഭിച്ചിട്ടുണ്ട്. പൊതുവി ദ്യാഭ്യാസത്തെ ശക്തിപ്പെടുത്താൻ കൂടുതൽ ശ്രദ്ധ ചെലുത്തി നിശ്ചയദാർഢ്യ ത്തോടെ എല്ലാവരെയും സഹകരിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. പൊതു വിദ്യാഭ്യാസ രംഗം കൈവരിച്ച നേട്ടങ്ങ ളോട് സഹകരിക്കാതെ പരിഹസിക്കുന്നത് വിദ്യാർത്ഥികളോടും രക്ഷിതാക്ക ളോടുമുള്ള അവഹേളനമാണ്. പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടു ത്തുന്നതിൽ വളരെ പ്രധാനപ്പെട്ട നേട്ടമാണ് സർവ്വശിക്ഷാ അഭിയാന്റെ ഫണ്ട് വിനിയോഗത്തിൽ ഉണ്ടായിട്ടുള്ളത്. സർവ്വശിക്ഷാ അഭിയാന് കേന്ദ്ര

വിഹിതം കുറയ്ക്കുന്ന സമീപനത്തിനെതിരെ ശക്തമായി പ്രതികരിക്കണം. കേരളത്തിൽ എല്ലാ ഹൈസ്ക്കൂളുകളിലും 2010-ഓടുകൂടി ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നതെങ്കിലും 2008-ൽ തന്നെ 96.99 ശതമാനവും ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അപ്പർ പ്രൈമറി തലങ്ങളിലേയ്ക്കും കമ്പ്യൂട്ടർ പഠനവും, ഐ.സി.ടി. സൗകര്യങ്ങളും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഐ.സി.ടി. പഠനത്തിനാവശ്യമായ പഠന സഹായികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 20,000 അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിക്കഴിഞ്ഞു. കമ്പ്യൂട്ടർ അധിഷ്ഠിത പഠനത്തിന് 15,000 അധ്യാപകർക്ക് കൂടി പരിശീലനം നൽകുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സഹായവും ലഭിക്കുന്നുണ്ട്. കമ്പ്യൂട്ടർ മേഖലയിൽ കൈവരിക്കുന്ന നേട്ടങ്ങൾ ഭരണം കാര്യക്ഷമമാക്കാൻ കൂടി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ കഴിഞ്ഞ വർഷം തന്നെ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ സ്ഥലംമാറ്റം ഇവരുടെ അഭ്യർത്ഥനയും അർഹതയും മാനദണ്ഡവും അനുസരിച്ച് ഓൺലൈനിൽ നടപ്പിലാക്കാൻ ശ്രമിച്ചത് വിജയിച്ചിതിന്റെ ഫലമായി 10-ാം ക്ളാസ് വരെയുള്ള അധ്യാപകരുടെ സ്ഥലംമാറ്റം ഓൺലൈനിൽ കൂടി നടപ്പിലാക്കുന്നതാണ്. ഹയർ സെക്കണ്ടറി തലത്തിലും വൊക്കേഷണൽ ഹയർ സെക്കൻഡറി തലത്തിലും ഇത് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. കേന്ദ്ര നിക്ഷേപത്തോടുകൂടിയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സംസ്ഥാന ഗവണ്മെന്റിന്റെ പുതിയ സ്ഥാപനങ്ങളും കേന്ദ്രങ്ങളും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കും. യു.ജി.സി. അന്തർ സർവ്വകലാശാല കേന്ദ്രങ്ങളുടെ മാതൃകയിൽ കേരളത്തിൽ 7 കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇൻഡ്യയി

ലും വിദേശത്തുമുള്ള നോബൽ സമ്മാന ജേതാക്കളായ പ്രഗൽഭരായ ശാസ്ത്രജ്ഞൻമാർ, സാമൂഹിക ശാസ്ത്രജ്ഞൻമാർ എന്നിവരുമായി കേരളത്തിലെ വിദ്യാർത്ഥികൾക്ക് സംവേദിക്കാനുള്ള അതിനൂതനമായ “എറുഡേറ്റ്”. എന്ന പദ്ധതി കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചുകഴിഞ്ഞു. 7 കോടി രൂപ ഈ പദ്ധതിക്ക് വേണ്ടി നീക്കിവച്ചിട്ടുണ്ട്.. ബിരുദാനന്തര ബിരുദ ഗവേഷണ വിദ്യാർത്ഥികൾക്ക് തങ്ങൾക്ക് താൽപര്യമുള്ള വിഷയങ്ങളിൽ ഇൻഡ്യയിലെ ഏത് ശാസ്ത്രജ്ഞനുമായും ചേർന്ന് ഹ്രസ്വകാല ഗവേഷണ പദ്ധതിയിൽ പങ്കെടുക്കാൻ വേണ്ടിയിട്ടുള്ള പരിപാടിയാണ് “ആസ്പെയർ” എന്ന പേരിൽ ആരംഭിക്കുന്നത്. വിദ്യാർത്ഥികൾക്ക് ഗവേഷണത്തിൽ ഏർപ്പെടാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കാൻ വേണ്ടി ഒരു കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള “ഇൻകൾക്കേറ്റ്” പദ്ധതിക്കുവേണ്ടി 30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷംകൊണ്ട് നിരവധി കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലോകത്ത് തന്നെ അപൂർവ്വമായ ബഹിരാകാശ പഠന കേന്ദ്രവും IISER-ഉം തിരുവനന്തപുരത്ത് സ്ഥാപിക്കാൻ വേണ്ട സ്ഥലമേറ്റെടുത്ത് കൊടുത്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സർവ്വകലാശാലകളിലും എഞ്ചിനീയറിംഗ് കോളേജിലുമായി എട്ട് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. DRDO-യുടെ സഹായത്തോടുകൂടി കൊച്ചി സർവ്വകലാശാലയിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കാനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

Department of Atomic Energy-യുമായി ചേർന്ന് ഒരു റേഡിയേഷൻ ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ 4 മോഡൽ ഡിഗ്രി കോളേജുകൾ അനുവദിക്കാൻ 10 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. 2 കോടി രൂപ നീക്കിവച്ചുകൊണ്ട് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണം പ്രോൽസാഹിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Centre for Engineering Research and Development എന്ന സ്ഥാപനം ആരംഭിക്കാൻ പോവുകയാണ്. രാജാ രവിവർമ്മയുടെ പേരിൽ ചിത്രകലയുമായി ബന്ധപ്പെട്ട ഒരു അന്തർ സർവ്വകലാശാല ഗവേഷണ കേന്ദ്രം മാവേലിക്കരയിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ ലൈബ്രറികളിൽ നൽകുന്ന പുസ്തകങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഈ വർഷം പാഠപുസ്തക വിതരണം സമയബന്ധിതമായും കാര്യക്ഷമമായും നടത്താൻ പ്രത്യേക തയ്യാറെടുപ്പുകൾ നടത്തിയിരുന്നെങ്കിലും ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ പുസ്തകങ്ങൾ പുതിയതായി അച്ചടിക്കേണ്ടി വന്നതുകൊണ്ട് ചില പ്രയാസങ്ങളുണ്ടായിട്ടുണ്ട്. ജൂലായ് മാസം ആദ്യവാരത്തോടുകൂടി എല്ലാ സ്ക്കൂളുകളിലും പാഠപുസ്തകങ്ങൾ ലഭ്യമാക്കും. ഹയർ എഡ്യുക്കേഷൻ സ്ക്കോളർഷിപ്പ് ഫണ്ടിന്റെ ചീഫ് പാട്രണായിരിക്കാൻ ഗവർണ്ണർ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടിക്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്.

(തുടർന്ന് പ്രതിപക്ഷം ബഹളം വയ്ക്കുകയും ഹയർ എഡ്യുക്കേഷൻ സ്കോളർഷിപ്പ് ഫണ്ടിന്റെ ചീഫ് പാട്രണാകാൻ ഗവർണ്ണർ സമ്മതിച്ചതുമായി ബന്ധപ്പെട്ട രേഖ മേശപ്പുറത്ത് വയ്ക്കാത്തതിൽ പ്രതിഷേധിച്ച് ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിക്കുകയും ചെയ്തു)

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സ്വാശ്രയ മെഡിക്കൽ-എൻജിനീയറിംഗ് കോളേജുകളിൽ 50% സീറ്റ് സർക്കാരിന് വിട്ടുതരണമെന്ന ധാരണയുണ്ടാ ക്കിയെങ്കിലും സ്വാശ്രയ മാനേജ്മെന്റുകളുമായി വ്യക്തമായ കരാറുണ്ടാക്കാത്തതിന്റെ ഫലമായി സ്വാശ്രയ സ്ഥാപനങ്ങൾക്ക് യഥേഷ്ടം ഫീസ് നിശ്ചയിക്കാനും 100 ശതമാനം സീറ്റിലും പ്രവേശനം നടത്താനും കഴിയുന്ന സ്ഥിതിയുണ്ടായി. അതുകൊണ്ട് പൂർണ്ണ താല്പര്യത്തോടുകൂടി അല്ലെങ്കിലും സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നവുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ സമീപനത്തിൽ കുറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സർക്കാരുമായി ചർച്ചയ്ക്ക് തയ്യാറാവുന്ന ഇന്റർ ചർച്ച് കൗൺസിലുമായി ചർച്ച ചെയ്ത് സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ ഇന്നുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതിന് സർക്കാർ സന്നദ്ധമാണ്. അതുകൊണ്ട് അവരുടെ ചില വ്യവസ്ഥകൾ അംഗീകരിക്കാനും സർക്കാർ നിർബന്ധിതമായിട്ടുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളിൽ 50% സീറ്റുകളിലും സർക്കാർ ഫീസ് നിർദ്ദേശിക്കുന്നത് പ്രായോഗികമല്ല. അതുകൊണ്ട് ന്യൂനപക്ഷ പദവി കിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാരിന് നീക്കിവയ്ക്കുന്ന 50% സീറ്റുകളിൽ 20% സർക്കാർ ഫീസിൽ പഠിപ്പിക്കണമെന്ന നിർദ്ദേശമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ഗ്രന്ഥശാല പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതാണ്. പൈതൃക സ്മാരകങ്ങൾ സംരക്ഷിക്കാനുമുള്ള

നടപടികളെടുക്കും. വിജിലൻസ് എൻക്വയറി നിലനിൽക്കുന്നുണ്ടെങ്കിലും പുനലൂർ തൂക്ക് പാലത്തിന്റെ സംരക്ഷിത പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നാണ് കരുതുന്നത്.വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പരിഷ്കാരങ്ങളും പരീക്ഷാ സമ്പ്രദായത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളും എടുത്തു പറയേണ്ട നേട്ടങ്ങളാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.

..................................